# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

**മാവൂർ ഗ്രാമപഞ്ചായത്ത്**
**ഓഡിറ്റ് റിപ്പോർട്ട്**
**2018-19**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്**
**(ഇ-മെയിൽ – dokkd.ksad@kerala.gov.in)**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/കെ.കെ.ഡി/പി.1 /1699 /2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
സിവിൽ സ്റ്റേഷൻ, കോഴിക്കോട്
ഫോൺ-0495 2371012
ഇ-മെയിൽ-ddlfakkd@yahoo.in
തീയ്യതി: .10.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

മാവൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം: മാവൂർ ഗ്രാമപഞ്ചായത്ത് -2018-19 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മാവൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം ഒന്നിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ് :-</u>

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/കെ.കെ.ഡി/പി.1 /1699 /2019 തീയതി:16.10.2019

## കോഴിക്കോട് ജില്ലയിലെ മാവൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത് )

കോഴിക്കോട് ജില്ലയിലെ മാവൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 22-11-2018 മുതൽ 26.09.2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 27അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര്, തസ്തിക | ശ്രീ.എം. വാസുദേവൻ,<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 26.09.2019 മുതൽ 05.10.2019വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
| ശ്രീ.മനോഹരൻ.എം. | ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ) |
| ശ്രീമതി.ഷൈന.എ.കെ | അസി. ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.ആർ.കെ.ദിശ | അസി. ഓഡിറ്റ് ഓഫീസർ |
| ശ്രീ.എം.രാമദാസ് | സീനിയർ ഓഡിറ്റർ |
| ശ്രീമതി.ജിഷ.പി | ഓഡിറ്റർ |

### (ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.മുനീറത്ത്.സി. | 1.4.2018മുതൽ 31.03.2019വരെ |
| സെക്രട്ടറി | ശ്രീ .എം.എ റഷീദ് | 1.4.2018മുതൽ 26.06.2018വരെ |
| | ശ്രീ.ഷമിൽ.ഇ<br>(സെക്രട്ടറി ഇൻ ചാർജ്ജ്) | 27.06.2018 മുതൽ<br>28.06.2018 വരെ |
| | ശ്രീ.ബിബിൻ ജോസഫ് | 29.06.2018 മുതൽ<br>31.03.2019 വരെ |

| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
|---|---|---|
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.ഷമിൽ.ഇ | 1.04.2018 മുതൽ |

| | | |
|---|---|---|
| | | 04.08.2018 വരെ |
| | ശ്രീ.സുഭാഷ് കുമാർ.സി. | 05.08.2018 മുതൽ 31.03.2019വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.അനീഷ്.എസ് | 1.04.2018 മുതൽ 31.3.2019വരെ |
| കൃഷി ഓഫീസർ | ശ്രീമതി.കെ.സുലേഖാബി | 1.04.2018മുതൽ 31.03.2019 വരെ |
| വെറ്റിനറി സർജൻ | ഡോ.മിഥുല റോയ് | 1.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ഡോ.ടെസ്റ്റി മെറിൻ | 1-4-2018 മുതൽ 31.03.2019 വരെ |
| ഡയറി ഫാം ഇൻസ്പെക്ടർ | ശ്രീമതി.റുമൈസ.പി.എം | 1-4-2018മുതൽ<br>31-3-2019 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.മുഹമ്മദ് സഹീർ | 01.04.2018 മുതൽ 31.03.2019 വരെ |
| | ശ്രീ.റിജു.എം | 1.04.2018മുതൽ 31.3.2019 വരെ |
| ഐ.സി.ഡി.എസ്.<br>സൂപ്പർവൈസർ | ശ്രീമതി.അഞ്ജു ആനന്ദ് | 01.04.2018 മുതൽ 31.3.2019വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ.രാജൻ.പി. | 1.08.2018 മുതൽ 31.03.2019 വരെ<br>(01.04.18മുതൽ<br>31.07.2018 വരെ തസ്തിക ഒഴിവ്) |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.ആനി.ടി.എ | 1.4.2018 മുതൽ 17.09.2018 വരെ |
| | ഡോ.ഡോളി അഗസ്റ്റിൻ | 18.09.2018 മുതൽ<br>31.03.2019വരെ |

**ഉള്ളടക്കം**


| ക്രമ നം. | ഭാഗം 1<br>ഓഡിററ് റിപ്പോർട്ട് | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | സാമ്പത്തിക വിശകലനം | 1-2 |
| 3 | ഫണ്ട് വിനിയോഗം | 1-3 |
| 4 | പദ്ധതി അവലോകനം. | 1-4 |
| 5 | ക്ഷേമപദ്ധതികൾ | 1-5 |
| 6 | ക്യാഷ് വെരിഫിക്കേഷൻ | 1-6 |
| 7 | ആഭ്യന്തര നിയന്ത്രണം | 1-7 |
| 8 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-8 |
| 9 | വാർഷിക കണക്കിലെ അപാകതകൾ | 1-9 |
| 10 | ഡി. ആന്റ് ഒ. ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 1-10 |
| 11 | തൊഴിൽ നികുതി പൂർണ്ണമായും ഡിമാന്റ് ചെയ്തു എന്നുറപ്പുവരുത്തിയില്ല | 1-11 |
| 12 | വസ്തു നികുതി ഇളവ് അനുവദിക്കൽ – ചട്ടങ്ങൾ പാലിക്കുന്നില്ല. | 1-12 |
| 13 | തെറ്റായ നിരക്കിൽ കോസ്റ്റ് ഇൻഡക്സ് നൽകി പ്രവൃത്തി നടത്തുന്നു. | 1-13 |

| | | |
|---|---|---|
| 14 | പൊതുമരാമത്ത് പ്രവൃത്തി ബില്ലിൽ നിന്ന് ഓവർ ഹെഡ് ചാർജ്ജ് | 1-14 |
| 15 | കരാർ വെയ്ക്കുന്നതിന് കാലതാമസം – കരാറുകാരനിൽ നിന്ന് പിഴ ഈടാക്കിയിട്ടില്ല. | 1-15 |
| 16 | ബയോജൈവ വൈവിധ്യ പദ്ധതി – ഫണ്ട് വിനിയോഗത്തിലെ അപാകതകൾ | 1-16 |
| 17 | പഞ്ചായത്തിലെ വാങ്ങൽ നടപടി ക്രമങ്ങൾ നിയമാനുസൃതമല്ല | 1-17 |
| 18 | പൊതുമരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിയ്ക്കാത്തത് മൂലം പഞ്ചായത്ത് ഫണ്ട് നഷ്ടമാകുന്നു. | 1-18 |
| 19 | സംയുക്ത പ്രൊജക്ടുകൾ നടപ്പിലാക്കുന്നതിലെ അപാകതകൾ | 1-19 |
| 20 | ഗ്രാമപഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് പ്രവർത്തനം ആരംഭിച്ചിട്ടില്ല. | 1-20 |
| 21 | സ്പിൽ ഓവർ പ്രൊജക്ടുകൾ – സ്പിൽ ഒാവർ ആയ അതേ വർഷം നിർമ്മാണം പൂർത്തിയാക്കിയില്ല. | 1-21 |
| 22 | ലാപ്ടോപ്പ് വിതരണം – സബ്സിഡി മാർഗ്ഗരേഖാ നിർദ്ദേശങ്ങൾ പാലിച്ചില്ല. | 1-22 |
| 23 | എസ്.സി.വിവാഹ ധനസഹായം – അപാകതകൾ | 1-23 |
| 24 | ആശ്രയ പദ്ധതി- കുടുംബശ്രീക്ക് കൈമാറിയ വികസനഫണ്ട് ചെലവഴിച്ചില്ല. | 1-24 |
| 25 | കന്നുകുട്ടി പരിപാലന പദ്ധതി (വനിത ) ലക്ഷ്യം കൈവരിച്ചില്ല. | 1-25 |
| 26 | ഹരിതകേരളം മിഷൻ പ്രവർത്തനങ്ങൾ | 1-26 |
| 27 | സമ്പൂർണ്ണ പാർപ്പിടം – ലൈഫ് മിഷൻ | 1-27 |
| 28 | ഹോമിയോ മരുന്ന് ലഭിക്കുന്നതിന് കാലതാമസം | 1-28 |
| 29 | ആവശ്യകതയ്ക്കനുസരിച്ചുള്ള മരുന്ന് ലഭ്യമായില്ല | 1-29 |
| 30 | മത്സ്യമാർക്കറ്റിലെ ഒഴിഞ്ഞ മുറികൾ പുനർലേലം നടത്തിയില്ല | 1-30 |
| 31 | അങ്കണവാടി കെട്ടിടം സുരക്ഷിതത്വം – ഉറപ്പ് വരുത്തുന്നില്ല. | 1-31 |
| 32 | കമ്പ്യൂട്ടർ – അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ – സർക്കാർ ഉത്തരവ് പാലിച്ചില്ല. | 1-32 |
| 33 | പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ല. | 1-33 |
| 34 | അങ്ങാടികടവ് വാട്ടർ ലൈൻ കണക്ഷൻ – നിർമ്മാണം പൂർത്തീകരിച്ചില്ല | 1-34 |
| 35 | പള്ളിക്കോത്ത് പാടത്ത് കണ്ടി കുടിവെള്ള പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-35 |
| | ഭാഗം 2 | |
| | ഇല്ല | |
| | ഭാഗം 3 | |
| 36 | കരാർ വെയ്ക്കുന്നതിന് കാലതാമസം – കരാറുകാരനിൽ നിന്ന് പിഴ ഈടാക്കിയിട്ടില്ല. | 3-1 |
| 37 | ലാപ്ടോപ്പ് വിതരണം – സബ്സിഡി മാർഗ്ഗരേഖാ നിർദ്ദേശങ്ങൾ പാലിച്ചില്ല. | 3-2 |
| | ഭാഗം 4 | |
| 38 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ | 4-1 |

| | | |
|---|---|---|
| | വിവരം | |
| 39 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 40 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 44 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 42 | വായ്പ/വായ്പാതിരിച്ചടവ് | 4-5 |
| 43 | സ്ഥിരനിക്ഷേപം | 4-6 |
| 44 | ഓഡിറ്റ് റിക്കവറി | 4-7 |
| 45 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 46 | ചാർജ്ജ്/സർച്ചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 47 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 48 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

19.3.2018 തീയതിയിലെ 1ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 11.2.2019ൽ 2ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 214 പ്രകാരം ബജറ്റ് തയ്യാറാക്കുമ്പോൾ ചുവടെ ചേർക്കുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതായിരുന്നു.

(എ) എല്ലാ വർഷവും മാർച്ച് മാസത്തെ ആദ്യവാരത്തിന് മുമ്പായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റ് ഭരണസമിതിയിൽ അംഗീകാരത്തിനായി വയ്ക്കേണ്ടതാണ് [ സെക്ഷൻ 214 (1എ)]. എന്നാൽ 2018-19ലെ ബജററ് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററി ഭരണസമിതിയിൽ വെയ്ക്കുന്നത് 17.3.2018 ലാണ്.

(ബി) 11.2.2019ലെ തീരുമാനം നം. 3 പ്രകാരം 2018-19 ലെ പുതുക്കിയ ബജററ് ഭരണ സമിതി അംഗീകരിച്ചിട്ടുണ്ട്. എന്നാൽ പുതുക്കിയ ബജററ് പ്രകാരമുള്ള വരവുചെലവുകളും യഥാർത്ഥത്തിലുള്ള വരവുചെലവുകളും തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നു. സാമ്പത്തിക വർഷത്തിന്റെ അവസാന നാളുകളിൽ തയ്യാറാക്കുന്ന പുതുക്കിയ ബജററ് യഥാർത്ഥ വരവുചെലവു കണക്കുകളുമായി ചേർന്നു നിൽക്കേണ്ടതാണ്.

കേരള പഞ്ചായത്ത് രാജ് നിയമം അനുശാസിക്കുന്ന രീതിയിൽ അപാകതകളില്ലാതെ ഭാവിയിൽ ബജറ്റ് തയ്യാറാക്കുന്നതിനും, അംഗീകരിക്കപ്പെട്ട ബജറ്റ് യഥാർത്ഥ വരവ് ചെലവുകൾക്കനുസരിച്ച് പുതുക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്. ബജറ്റ് തയ്യാറാക്കുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ്കമ്മിറ്റി നേതൃത്വപരമായ പങ്ക് വഹിക്കേണ്ടതും ഇത് തയ്യാറാക്കുന്ന ബജറ്റിൽ പ്രതിഫലിക്കേണ്ടതുമാണ്.

## 1-2 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 11633226 |
| വരവ് | 89444662 |
| | |

| | |
|---|---|
| ആകെ | 101077888 |
| ചെലവ് | 88343590 |
| നീക്കിയിരിപ്പ് | 12734298 |

# 1-3 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | | 16737363 | 16737363 | 16137879 | 599484 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | | 9963000 | 9963000 | 9902836 | 60164 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | | 54666 | 54666 | 0 | 54666 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | | 6692000 | 6692000 | 6536826 | 155174 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | | 3467000 | 3467000 | 3431925 | 35075 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | | 7782000 | 7782000 | 7551289 | 230711 |
| എം.ജി.എൻ.ആർ .ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | | 33301513 | 33301513 | 33301513 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 123588 | 1690397 | 1813985 | 1732845 | 81140 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ എം.പി.ഫണ്ട് | | 15662 | 896295 | 911957 | 902004 | 9953 |
| എസ്.എസ്.എ | | 88303 | 3131 | 91434 | 0 | 91434 |
| ഐ.സി.ഡി.എസ് | | 853057 | 1033538 | 1886595 | 1000000 | 886595 |
| സമ്പൂർണ്ണ ശുചിത്വം | | 1440000 | 0 | 1440000 | 261250 | 1178750 |
| പൈക്ക | | 51743 | 1827 | 53570 | 0 | 53570 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ പൈക്ക | | | | | | |
| സാക്ഷരത | | 86553 | 3074 | 89627 | 0 | 89627 |
| പശ്ചിമഘട്ടവികസനം | | 32837 | 1168 | 34005 | 0 | 34005 |
| മണൽ | | 449464 | 15924 | 465388 | 4851 | 460537 |
| കെ.യു.ആർ..ഡി.എഫ് .സി ലോൺ | ഷോപ്പിംഗ് കോംപ്ലക്സ് | 0 | 6216427 | 6216427 | 5069802 | 1146625 |
| | ലൈഫ് | 0 | 2528508 | 2528508 | 2520000 | 8508 |
| ഷോപ്പിംഗ്കോംപ്ലക്സ് | | 8103614 | 448550 | 8552164 | 6588036 | 1964128 |
| | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| പെയിൻ & പാലിയേറ്റീവ് | | 7793 | 278 | 8071 | 0 | 8071 |
| ബഡ്സ് ഗ്രാൻറ് | | 179505 | 515070 | 694575 | 485316 | 209259 |
| ബി.എം.സി. | | 420000 | 17072 | 437072 | 63499 | 373573 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 978500 | 4318250 | 5296750 | 2572899 | 2723851 |
| | ജില്ലാ പഞ്ചായത്ത് | 23125 | 1789605 | 1812730 | 1716846 | 95884 |
| ബി ഫണ്ട് | | | 49156100 | 49156100 | 49156100 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 918333 | 9762347 | 10680680 | 10680680 | 0 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | -13301503 | 8283933 | -5017570 | 11100936 | -16118506 |
| | ട്രഷറി അക്കൗണ്ട് | 6352952 | 9762347 | 16115299 | 15919282 | 196017 |

# 1-4 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്കുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 176 | 133040112 | 141 | 57981451 | | 35 | 80 |

പദ്ധതി നിർവ്വഹണത്തിൽ മോണിട്ടറിംഗ് സംവിധാനം വേണ്ടത്ര ഫലപ്രദമല്ല. അതിനാൽ പല പ്രൊജക്കുകളും 2018-19 ൽ നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. ഡി.പി.സി. അഗീകാരം ലഭിച്ച 176പ്രൊജക്കുകളിൽ 141 എണ്ണം മാത്രമാണ് ഓഡിററു വർഷം പൂർത്തീകരിച്ചിട്ടുള്ളത്. ബാക്കിയുള്ള 35 പ്രൊജക്കുകളിൽ 30 എണ്ണം തീർത്തും നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല.

ഡി.പി.സി.അംഗീകാരം ലഭിച്ച 100 മരാമത്തു പ്രൊജക്കുകളിൽ 77 പ്രവൃത്തികളാണ് തൻവർഷം നടപ്പാക്കിയിട്ടുള്ളത്. സാങ്കേതികാനുമതിക്കായി പ്രൊജക്കുകൾ സമർപ്പിക്കുന്നതിൽ അനാവശ്യ കാലതാമസം വന്നിട്ടുണ്ട്. ആയതിനാൽ മരാമത്തു പ്രവൃത്തികളിൽ 23 പ്രൊജക്കുകൾ 2018-19 വർഷം നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. സാങ്കേതികാനുമതി ലഭിച്ചതിനുശേഷം ടെണ്ടർ നടപടികൾ പൂർത്തിയാക്കി കരാറുകാരുമായി സാമ്പത്തിക വർഷം അവസാനിക്കുന്നതിനു മുമ്പ് കരാർ വെയ്ക്കാൻ സാധിക്കാത്തതിനാൽ ചില പ്രൊജക്കുകൾ സ്പിൽഓവറായി കൊണ്ടുവരാൻ സാധിക്കാത്ത അവസ്ഥയിൽ ഒഴിവാക്കപ്പെട്ടിട്ടുണ്ട്. 42 സ്പിൽ ഓവർ പ്രൊജക്കുകളിൽ 5 പ്രവൃത്തികൾ 2018-19ലും നടപ്പാക്കിയിട്ടില്ല. മരാമത്ത് പ്രവൃത്തികൾക്കായി27269690 രൂപ വകയിരുത്തിയതിൽ 17912244 രൂപ മാത്രമാണ് ചെലവഴിക്കപ്പെട്ടിരിക്കുന്നത്. വകയിരുത്തിയ തുക ചെലവഴിക്കപ്പെടാത്തതിനാൽ 9357446 രൂപ മേൽ ഇനങ്ങളിലായി സാമ്പത്തിക വർഷത്തിൽ സർക്കാരിലേക്ക് തിരികെ പോയിട്ടുണ്ട്.

എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലും സാങ്കേതികാനുമതി ലഭിക്കുന്നതിലും പ്രവൃത്തികൾ കരാറുകാരെ ഏൽപ്പിക്കുന്നതിൽ വന്ന കാലതാമസം, കരാർ വെച്ച പ്രവൃത്തികൾ കരാറുകാർ ഏറ്റെടുക്കുന്നതിൽ കാണിച്ച വിമുഖത എന്നിവ പദ്ധതികളുടെ നിർവ്വഹണത്തിന് തടസ്സമായി.വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ പദ്ധതിയുടെ വിവിധ ഘട്ടങ്ങൾ അവലോകനം ചെയ്യുകയോ നിർവ്വഹണത്തിലെ പോരായ്മകൾ പരിഹരിക്കുന്നതിന് നിർദ്ദേശങ്ങൾ സമർപ്പിക്കുകയോ ചെയ്തതായി കാണുന്നില്ല. ഇത് പദ്ധതി നിർവ്വഹണത്തെ സാരമായി ബാധിച്ചിട്ടുണ്ട്.

ഉൽപാദനമേഖലയിൽ ഒട്ടു മിക്ക പ്രൊജക്കുകളും നടപ്പിലാക്കിയിട്ടുണ്ട്. കാർഷിക മേഖലയിലും മൃഗസംരക്ഷണ മേഖലയിലും പതിവു ശൈലിയിലുള്ള പ്രൊജക്കുകൾ തന്നെയാണ് നടപ്പിലാക്കിയിട്ടുള്ളത്. ജൈവകൃഷിയും

ജൈവവളങ്ങളുടെയും ജൈവകീടനാശിനികളുടെയും ഉത്പാദനവും ഉപയോഗവും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന പ്രൊജക്ടുകൾക്ക് പരിഗണന നൽകിയതായി കാണുന്നില്ല. വിത്തുകൾ,തൈകൾ,വളങ്ങൾ എന്നിവ വിതരണം ചെയ്യുന്ന സാധാരണ പദ്ധതികളാണ് ഇപ്പോഴും കാർഷികമേഖലയിൽ നടപ്പാക്കിവരുന്നത്. പ്രൊജക്ടുകൾക്ക് സംയോജിത നീർത്തട പരിപാലന സമീപനം ഉണ്ടായിട്ടില്ല.

ആരോഗ്യ മേഖലയിൽ മരുന്ന് വാങ്ങുന്നതിന് മുൻകൂർ തുക നൽകിയെങ്കിലും ആയത് പൂർണ്ണമായും ലഭ്യമാക്കിയിട്ടില്ല. ആരോഗ്യമേഖലയിലെ പ്രൊജക്ടുകൾ ആർദ്രം പദ്ധതിയുമായി സംയോജിപ്പിച്ച് നടപ്പിലാക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടില്ല. പ്രൊക്യുർമെന്റ് മാന്വൽ അടിസ്ഥാനമാക്കി സാധനങ്ങൾ സമാഹരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പാലിച്ചല്ല വാങ്ങൽ പദ്ധതികൾ നടപ്പിലാക്കിയിട്ടുള്ളത്. മാലിന്യനിർമ്മാർജ്ജനത്തിനായി വിവിധ വാർഡുകളിൽ ഹരിതകർമ്മ സേന മികച്ച പ്രവർത്തനം കാഴ്ചവെക്കുന്നുണ്ട്.

ലൈഫ് മിഷൻ പദ്ധതിയിൽ ഭവനനിർമ്മാണത്തിനായി വിവിധ ഗഡുക്കൾ കൈപ്പറ്റിയ ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. വാസയോഗ്യമല്ലാത്ത ഭവനം ഉള്ളവർ, എന്നീ വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്കു മാത്രമേ പദ്ധതികൊണ്ട് പ്രയോജനം ലഭിച്ചിട്ടുള്ളൂ. ഭൂരഹിതരായ ഭവനരഹിതരെയും പുറംമ്പോക്കിൽ താമസിക്കുന്നവരെയും പരിഗണിച്ചിട്ടില്ല. സർക്കാരിന്റെ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയിലെ ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്ന വിധത്തിലുള്ള ചർച്ചകളോ, നിർദ്ദേശങ്ങളോ വിദ്യാഭ്യാസ വർക്കിംഗ് ഗ്രൂപ്പിൽ നടന്നു കാണുന്നില്ല.

## 1-5 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 193560 | 207 |
| കർഷകതൊഴിലാളി പെൻഷൻ | 7306400 | 1715 |
| വിധവാപെൻഷൻ | 16272000 | 3819 |
| വാർദ്ധക്യകാലപെൻഷൻ | 19340800 | 4730 |
| വികലാംഗപെൻഷൻ | 4501500 | 1053 |
| 50വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1049800 | 241 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 975000 | 13 |

## 1-6 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.09.2019 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 7591/ രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-7 ആഭ്യന്തര നിയന്ത്രണ സംവിധാനം

ഏതൊരു സ്ഥാപനത്തിന്റെയും ഭരണപരമായ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ടു കൊണ്ടുപോകുന്നതിന്

ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനം അനിവാര്യമാണ്. ഗ്രാമപഞ്ചായത്തിന്റെ വിവിധ മേഖലയിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ സ്ഥാപനത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ടെന്ന് ബോധ്യപ്പെടുന്നു.

1. നികുതികൾ, നികുതിയേതിര വരുമാനങ്ങൾ എന്നിവ ഡിമാന്റ് ചെയ്യുന്നതിൽ നിയതമായ ഒരു നടപടിക്രമം സ്ഥാപനം പാലിക്കുന്നില്ല. ഇതുമൂലം വലിയ അളവിൽ വരുമാനനഷ്ടം സ്ഥാപനത്തിനുണ്ടാകുന്നുണ്ട്.
2. സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങളൊഴികെയുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും ടെയിഡേഴ്സിൽ നിന്നും മറ്റുള്ളവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നത് നിശ്ചിത മാതൃകയിലുള്ള റിട്ടേണിൽ അവരുടെ വരുമാനം സംബന്ധിച്ച വിവരം ലഭ്യമാക്കിയല്ല. ഇത് നികുതി നിർണ്ണയത്തിൽ അപാകതയ്ക്ക് കാരണമാകുന്നു
3. ധനമാനേജ്മെന്റിന്റെ അടിസ്ഥാനമായ ബജറ്റ് തയ്യാറാക്കുന്നതിൽ നിയമപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. എല്ലാ വർഷവും മാർച്ച് മാസത്തെ ആദ്യവാരത്തിന് മുമ്പായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റ് ഭരണസമിതിയിൽ അംഗീകാരത്തിനായി വയ്ക്കേണ്ടതാണ് [ സെക്ഷൻ 214 (1എ)]. എന്നാൽ 2018-19ലെ ബജററ് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററി ഭരണസമിതിയിൽ വെയ്ക്കുന്നത് 17.3.2018 ലാണ്.
4. ഗ്രാമപഞ്ചായത്തിലെ വിവിധ വരവിനങ്ങൾ പിരിച്ചെടുക്കുന്നതിലെ പുരോഗതി വിലയിരുത്തേണ്ട ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, മാസാന്ത്യ വരവ് ചെലവുകൾ പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്. കൂടാതെ വസ്തുനികുതി സംബന്ധിച്ച് 100% പിരിവ് ഉറപ്പുവരുത്തുന്നതിന് ഇടപെടലുകൾ നടത്തിയിട്ടുമുണ്ട്. എന്നാൽ തൊഴിൽ നികുതി, ഡി&ഒ ലൈസൻസ് തുടങ്ങിയ വരവിനങ്ങളുടെ കാര്യത്തിൽ വേണ്ടത്ര വിലയിരുത്തലുകളോ ഇടപെടലുകളോ കമ്മിറ്റി നടത്തിയിട്ടില്ല.
5. വൗച്ചറുകളുടെ സൂക്ഷിപ്പ് വൗച്ചർ നമ്പർ അടിസ്ഥാനത്തിലാണെങ്കിലും അക്കൗണ്ട് ചട്ടങ്ങളിൽ നിർദ്ദേശിക്കുന്ന പ്രകാരം വൗച്ചറുകളുടെ ലിസ്റ്റ് ഓരോ മാസത്തെയും വൗച്ചറുകളുടെ ഫേസിംഗ് ഷീറ്റായി പ്രിന്റ് എടുത്ത് സൂക്ഷിച്ചിട്ടില്ല. ഇത് മൂലം മിസ്സിംഗ് വൗച്ചർ ,ക്യാൻസൽ ചെയ്ത വൗച്ചർ എന്നിവയുണ്ടോയെന്ന് പ്രത്യക്ഷത്തിൽ ശ്രദ്ധയിൽ പെടുന്നില്ല.
6. ബില്ലുകൾ/ഇൻവോയിസുകൾ,രശീതികൾ,ക്ലെയിമുകൾക്കുള്ള മറ്റ് രേഖകൾ എന്നിവ വൗച്ചറിനൊപ്പം സൂക്ഷിച്ചിരിക്കുന്നത് ചില വൗച്ചറുകളുടെയും കാര്യത്തിൽ ക്യാൻസൽ ചെയ്തിട്ടില്ല. തുക നല്കിയ ചെലവുകൾ വീണ്ടും നല്കാനുള്ള സാധ്യത ഇത് മൂലം നിലനിൽക്കുന്നു.
7. സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതു സംബന്ധിച്ച് കൃത്യമായ പ്രൊക്യൂർമെന്റ് പ്ലാനും ബജറ്റും ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് വാർഷാരംഭത്തിൽ തന്നെ നടത്തി സമാഹരണ രീതി ആരംഭിക്കുന്നതിനുപകരം ഒരേ സാധനങ്ങൾ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് പല പ്രൊജക്ടുകൾ മുഖേന പലപ്പോഴായി വാങ്ങുന്ന രീതി ഗ്രാമപഞ്ചായത്ത് അവലംബിച്ചു കാണുന്നു. വാങ്ങൽ പദ്ധതി തയ്യാറാക്കുന്നതിന്റേയും അന്തിമമാക്കുന്നതിന്റേയും പ്രധാന ചുമതല പ്രൊക്യൂർമെന്റ്ടീമിനാണ്. പ്രൊക്യൂർമെന്റ് ടീമിനെ നയിക്കേണ്ടതും ടീമിന്റെ മേൽനോട്ടം വഹിക്കേണ്ടതും പ്രൊക്യൂർമെന്റ് കമ്മിററിയാണ്. എന്നാൽ വാങ്ങലുകൾ നടത്തുന്നതിനായി കമ്മററി നിർവ്വഹണ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തുന്ന രീതിയാണ് അവലംബിച്ചിട്ടുള്ളത്
8. ഫർണ്ണിച്ചർ ഉൾപ്പടെയുള്ള ആസ്തികൾക്ക് കോഡ് നമ്പരുകൾ നല്കുകയോ ആസ്തികൾ വർഷാന്ത്യത്തിലെങ്കിലും ഫിസിക്കൽ വെരിഫിക്കേഷൻ നടത്തുകയോ ചെയ്യുന്നില്ല.കൂടാതെ വർഷാവർഷം വാങ്ങുന്ന ജംഗമ ആസ്തികളുടെ വിവരങ്ങൾ ആസ്തി രജിസ്റ്ററിൽ യഥാസമയം ഉൾപ്പെടുത്തുന്നുമില്ല. ഇതുമൂലം ആസ്തികൾ നഷ്ടപ്പെട്ടു പോകാനിടയുണ്ട്.
9. വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കീഴിലുള്ള മേഖലകളിലെ പദ്ധതി നിർവ്വഹണം മോണിറ്റർ ചെയ്യുന്നതിൽ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാന്റിംഗ് കമ്മിറ്റികൾ തന്നെയും വീഴ്ചവരുത്തിയിട്ടുണ്ട്. ചെലവഴിച്ച പദ്ധതിപ്പണം സമയബന്ധിതമായും കാര്യക്ഷമമായും വിനിയോഗിക്കപ്പെട്ടിട്ടുണ്ട് എന്ന് ഉറപ്പുവരുത്താൻ സ്ഥാപനതലത്തിൽ ഏർപ്പെടുത്തിയ കൺട്രോളിംഗ് സംവിധാനം ഇത് മൂലം ഫലപ്രദമായില്ല.
10. കെട്ടിട നിർമ്മാണ അപേക്ഷയിന്മേൽ കൃത്യമായ പരിശോധനകൾ നടത്തുന്നതിൽ വീഴ്ച വരുത്തുന്നതിനാൽ അനധികൃത നിർമ്മാണമുണ്ടായിരിക്കാനുള്ള സാധ്യത നിലനിൽക്കുന്നുവെങ്കിലും തുടർനടപടി കാര്യക്ഷമമല്ല.

11. ശമ്പളപരിഷ്കരണ കുടിശ്ശികയനുവദിച്ചപ്പോൾ അധികരിച്ച നിരക്കിലുള്ള ശമ്പളത്തിന്മേൽ ഒടുക്കേണ്ട പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്കാതിരുന്നത് പ്രധാന വീഴ്ചയാണ്.

മേൽ അപാകതകൾ പരഹരിക്കുന്നതിനായി താഴെ പറയുന്ന ക്രമീകരണങ്ങൾ നിയന്ത്രണ സംവിധാനങ്ങളിൽ വരുത്തേണ്ടതുമാണ്.

എ) നികുതികൾ, നികുതിയേതര വരുമാനങ്ങൾ എന്നിവ ഡിമാന്റ് ചെയ്യുന്നതിൽ നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

ബി) കെട്ടിടനിർമ്മാണം, മാലിന്യസംസ്കരണം, ഡി&ഒ ലൈസൻസ്, ശുചിത്വം തുടങ്ങി ഗ്രാമപഞ്ചായത്തിനെ ചുമതലയേല്പിച്ച മേഖലകളിലെ നിയമലംഘനങ്ങൾ റിപ്പോർട്ട് ചെയ്യേണ്ട ഉത്തരവാദിത്വം ഓഫീസ് ഉത്തരവ് മുഖേന ഫീൽഡ് സ്റ്റാഫിനെ ഏല്പിക്കേണ്ടതും, റിപ്പോർട്ടുകൾ ലഭ്യമാകുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കാനുള്ള സംവിധാനങ്ങൾ ഒരുക്കേണ്ടതുമാണ്.

സി) വരുമാനവും വിവിധ നിയന്ത്രണ സംവിധാനങ്ങളും വിലയിരുത്തുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റികൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതും ഇതിനായി എല്ലാ യോഗങ്ങളിലും സ്ഥിരം അജണ്ടയായി ഇത് സ്വീകരിക്കാവുന്നതുമാണ്.

ഡി) ക്രമനം 1,2,6,7എന്നിവയിൽ പരാമർശിച്ച അപാകതകൾ ഈ റിപ്പോർട്ട് കിട്ടിയയുടൻ പരിഹരിക്കേണ്ടതാണ്.

എഫ്) സ്റ്റാന്റിംഗ് കമ്മിറ്റികൾ അവയിൽ നിക്ഷിപ്തമായ ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

ജി) പ്രതിമാസ വരവുചെലവു കണക്ക് അംഗീകരിക്കുമ്പോൾ കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടൊയെന്നും കൃത്യമായ ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലാണ് തുക ചെലവഴിക്കുന്നതെന്നും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

മേൽ നിർദ്ദേശങ്ങൾ നടപ്പിലാക്കിയതു സംബന്ധിച്ച റിപ്പോർട്ടും, അതുമൂലം അതാതു മേഖലകളിലുണ്ടായ മാറ്റങ്ങളുടെ വിവരവും ലഭ്യമാക്കി പരാമർശം ഒഴിവാക്കാവുന്നതാണ്.

# 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16.9.2019 മുതൽ<br>17.9.2019 വരെ | 7/19 – 8/19 | 17.9.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 10.2.2016 മുതൽ<br>24.2.2016വരെ | 2010-11 മുതൽ<br>2014-15 വരെ | 23.3.2016 |

# 1-9 വാർഷികകണക്കുകളിലെ അപാകതകൾ

ഖണ്ഡിക 4-1 ൽ പരാമർശിച്ച സാക്ഷ്യപത്രത്തിൽ ഉൾപ്പെട്ട ചുവടെ പറയുന്ന അപാകതകൾ പരിഹരിക്കുവാൻ അവശേഷിക്കുന്നു.

1. ഇൻകം & എക്സ്പെൻഡീച്ചർ ഷെഡ്യൂൾ I-4 (b) പ്രകാരം Bus stand Receipts എന്ന ശീർഷകത്തിൽ 65000/-രൂപ ഡിമാന്റ് കാണിച്ചിട്ടുണ്ട്. എന്നാൽ ഡിമാന്റ് രജിസ്ററർ പ്രകാരം പ്രസ്തുത തുക 2019-20 ലേക്കുള്ള മുൻകൂർ വരവാണ്. ഇത് RP36 (Other Liabilities) ൽ ഉൾപ്പെടുത്തിയിട്ടുമില്ല.
2. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

3. കെട്ടിട നിർമ്മാണ പെർമിററ് രജിസ്റ്റർ, അനധികൃത കെട്ടിട ക്രമവൽക്കരണ രജിസ്ററർ എന്നിവയിലെ രേഖപ്പെടുത്തലുകൾ അപൂർണ്ണമാണ്.

4. ബി.4 സ്റ്റേറ്റ്മെന്റ് പ്രകാരം ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളിൽ പലതും (ഐ.സി.ഡി.എസ്, ശുചിത്വ മിഷൻ, കേരളോത്സവം) തനത് ഫണ്ട് അക്കൗണ്ടിൽ ചെലവഴിക്കാതെ നീക്കിയിരിപ്പായുണ്ട്. ആയവ നിരീക്ഷിക്കുന്നതിനായി അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

5. ക്ലോസിംഗ് സ്റ്റോക്കിന്റെ മൂല്യം തൻവർഷം നടത്തിയ പർചേസുകളുടെ മൂല്യം ഓപ്പണിംഗ് സ്റ്റോക്കിന്റെ മൂല്യം എന്നിവ ഉൾപ്പെടുത്തി സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

6. തൻവർഷത്തെ ഇ – ടെണ്ടർ മുഖേന ലഭിച്ച ടെണ്ടർ ഫോമുകളുടെ വില പഞ്ചായത്ത് ഫണ്ടിൽ വരവ് വെച്ചിട്ടില്ല.

7. ഷെഡ്യൂൾ I-6 പ്രകാരം എൻ.ആർ.ഇ.ജി.എ.ഇനത്തിൽ 40715845/-രൂപ വരവുണ്ട്. എന്നാൽ പരിശോധനക്ക് ഹാജരാക്കിയ ഫിനാൻഷ്യൻ പെർഫോർമൻസ് റിപ്പോർട്ട് പ്രകാരം 39767533/-രൂപയാണ് വരവായികാണിച്ചിട്ടുള്ളത്.

അപാകതകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്

# 1-10 ഡി & ഒ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 232 പ്രകാരം മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തു വകകൾക്കോ അപകടകരമോ, അസഹ്യതയുണ്ടാക്കുന്നതോ ആയേക്കാനിടയുള്ളതുമായ ഏതെങ്കിലും കാര്യങ്ങൾക്ക് സെക്രട്ടറി നൽകിയ ലൈസൻസ് കൂടാതെയും ആ ലൈസൻസിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾക്കനുസരണമല്ലാതെയും പഞ്ചായത്ത് പ്രദേശത്ത് യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലാത്തതാകുന്നു.

1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ -ചട്ടം 4 പ്രകാരം ഇക്കാര്യം പഞ്ചായത്ത് പരസ്യപ്പെടുത്തേണ്ടതും ആണ്. ചട്ടം 5 പ്രകാരം 1):ം പട്ടികയിൽ പറഞ്ഞ കാര്യങ്ങൾക്ക് ഉപയോഗിക്കുന്ന ഏതൊരു സ്ഥലത്തിന്റെയും ഉടമസ്ഥനോ കൈവശക്കാരനോ അങ്ങനെയുള്ള ആവശ്യത്തിന് അങ്ങനെയുള്ള സ്ഥലം ഉപയോഗിക്കുന്നതിന് പരസ്യം പ്രസിദ്ധപ്പെടുത്തി 30 ദിവസത്തിനകം അപേക്ഷ നൽകേണ്ടതാണ്

പഞ്ചായത്തിൽ വാണിജ്യാവശ്യങ്ങൾക്കായി നമ്പർ നൽകിയിട്ടുള്ള കെട്ടിടങ്ങളുടെ വിവരങ്ങൾ (സഞ്ചയ പ്രകാരം)താഴെ ചേർക്കുന്നു.

| | |
|---|---|
| 100 ച മി വരെ വിസ്തൃതിയുള്ള കെട്ടിടങ്ങൾ | 2124 |
| 100 ച മി ക്ക് മുകളിൽ വിസ്തൃതിയുള്ളത് | 102 |
| 200 ച മി വരെ വിസ്തൃതിയുള്ള ഷോപ്പിങ് മാളുകൾ | - |
| 200 ച മി മുകളിൽ വിസ്തൃതിയുള്ള ഷോപ്പിങ് മാളുകൾ | 68 |
| വ്യവസായിക ആവശ്യത്തിനുള്ളത് | 40 |
| ഇതര വ്യവസായത്തിനുള്ളത് | 45 |
| ആകെ | 2379 |

സഞ്ചയ പ്രകാരം 2018-19 വർഷം പഞ്ചായത്തിൽ വാണിജ്യാവശ്യങ്ങൾക്കായി നമ്പർ നൽകിയിട്ടുള്ള 2379 കെട്ടിടങ്ങൾ

ഉണ്ട്. ഇതിൽ 547 കെട്ടിടങ്ങൾ നികുതി ഒഴിവാക്കപ്പെട്ടയാണ്. അങ്ങനെയെങ്കിൽ 1832 വാണിജ്യ കെട്ടിടങ്ങൾ വിവിധ ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്താനുള്ള സാദ്ധ്യത നിലനില്ക്കുന്നതായി കാണാം. എന്നാൽ 2018-19 സാമ്പത്തിക വർഷത്തിൽ 345 പേർ മാത്രമാണ് ഡി&ഒ ലൈസൻസ് എടുത്തിട്ടുള്ളത്. നിലവിൽ ധാരാളം പേർ ലൈസൻസ് ഇല്ലാതെ വിവിധ ആവശ്യങ്ങൾക്കായി ഈ കെട്ടിടങ്ങൾ ഉപയോഗിക്കാൻ സാദ്ധ്യത ഉണ്ട്. ആയതിനാൽ ഇത്തരത്തിൽ ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന കെട്ടിടങ്ങൾ കണ്ടെത്തി ലൈസൻസ് എടുപ്പിക്കുന്നതിന് വേണ്ടി സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദീകരണം നൽകേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 17/2018-19 (തീയതി 4.10.19) ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

പഞ്ചായത്തിൽ വാണിജ്യാവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന കെട്ടിടങ്ങളിൽ ഡി&ഒ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നവയുണ്ടോ എന്ന് വാർഡ് തലത്തിൽ പരിശോധന നടത്തി കണ്ടെത്തേണ്ടതും അത്തരത്തിൽ പ്രവർത്തിക്കുന്നവയ്ക്കെതിരെ നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-11 തൊഴിൽ നികുതി പൂർണ്ണമായും ഡിമാന്റ് ചെയ്തു എന്നുറപ്പുവരുത്തിയില്ല

തൊഴിൽ നികുതി ഈടാക്കുന്നതിനായി കേരള പഞ്ചായത്ത് രാജ് ആക്ട് ,കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി)ചട്ടങ്ങൾ എന്നിവ പ്രകാരം താഴെ പറയുന്ന വ്യവസ്ഥകൾ പാലിക്കേണ്ടതാണ്.

1. കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 205 ബി, കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ -ചട്ടം 13 പ്രകാരം എല്ലാ കെട്ടിടങ്ങളുടെയും ഉടമസ്ഥരോട് കെട്ടിടം ഉപയോഗിക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ സ്ഥാപനം നോട്ടീസ് നല്കേണ്ടതും നിശ്ചിത ഫോറത്തിൽ വിവരം വാങ്ങാവുന്നതുമാണ്

2)കേരള പഞ്ചായത്ത് രാജ്(തൊഴിൽ നികുതി) ചട്ടങ്ങൾ -ചട്ടം 14 പ്രകാരം നോട്ടീസ് മൂലം സെക്രട്ടറിക്ക് തൊഴിലുടമയോട് ജീവനക്കാരോ, ഉദ്യോഗസ്ഥൻമാരോ കരാറുകാരോ ആയി ജോലി ചെയ്യുന്ന എല്ലാവരുടെയും പേര് അടങ്ങിയ ലിഖിതമായ ലിസ്റ്റ് അങ്ങനെ ജോലിയിൽ ഏർപ്പെടുത്തിയിട്ടുള്ള ആളുടെ ശമ്പളത്തേയോ വരുമാനത്തേയോ സംബന്ധിച്ച ഒരു സ്റ്റേറ്റ്മെന്റ് സഹിതം സെക്രട്ടറി ആവശ്യപ്പെടേണ്ടതാണ്.

3.. കേരള പഞ്ചായത്ത് രാജ്(തൊഴിൽ നികുതി) ചട്ടങ്ങൾ -ചട്ടം 16 പ്രകാരം തൊഴിലുടമയോടോ ,അവരുടെ പ്രതിനിധികളോടോ രണ്ടാം നമ്പർ ഫോറത്തിൽ തൊഴിലെടുക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ ഒന്നാം നമ്പർ ഫോറത്തിൽ നോട്ടീസ് നല്കേണ്ടതാണ്.

എന്നാൽ നികുതി ഒടുക്കാൻ ബാധ്യസ്ഥമായ സ്ഥാപനങ്ങൾ,തൊഴിലാളികൾ,വരുമാനദായകർ എന്നിവരെ കണ്ടെത്താനുള്ള മേൽ നടപടിക്രമങ്ങൾ സ്ഥാപനത്തിൽ പാലിക്കപ്പെട്ടിട്ടില്ല. വാടകയിലൂടെ വരുമാനമാർജ്ജിക്കുന്ന കെട്ടിട ഉടമകളെ ഉൾപ്പെടുത്തിയും ക്രമനം 1 ൽ സൂചിപ്പിച്ച, കെട്ടിട ഉടമകൾ ലഭ്യമാക്കുന്ന വിവരങ്ങളും 3ൽ സൂചിപ്പിച്ച ഫോറം 2ലെ വിവരങ്ങളും അടിസ്ഥാനപ്പെടുത്തിയുമാണ് ഇൻസ്റ്റിറ്റ്യൂഷൻ രജിസ്റ്റർ,ഡിമാന്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കേണ്ടത്.ഈ നടപടിക്രമങ്ങൾ പാലിക്കാത്തതുകൊണ്ട്, കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നവർ മാത്രമല്ല കെട്ടിട ഉടമകളും തൊഴിൽ നികുതി പരിധിയിൽ നിന്നും ഒഴിവാക്കപ്പെട്ടു.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം.4 എന്നിവ പ്രകാരം ഓരോ അർദ്ധ വർഷവും തുടർച്ചയായോ പലപ്പോഴായോ, 60 ദിവസം ജോലി/ തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിക്ക് വിധേയനാകുന്നതാണ്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിയമപരമായി ലഭിക്കേണ്ട മുഴുവൻ നികുതികളും ഫീസുകളും ചോർച്ച കൂടാതെ പിരിച്ചെടുക്കുന്നു എന്നുറപ്പ് വരുത്തേണ്ട ഉത്തരവാദിത്തം ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിക്കും ഉദ്യോഗസ്ഥർക്കുമുണ്ട്. നികുതി പിരിവ് വർദ്ധിപ്പിക്കുന്നതിന് ബജറ്റ് ചർച്ചകളിൽ ഇക്കാര്യം ഉൾപ്പെടുത്തേണ്ടത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയാണ്.

തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം ഡിമാന്റ് ചെയ്ത തുക അടവാക്കിയതായി കാണുന്നുണ്ട്. എന്നാൽ പഞ്ചായത്ത് പരിധിയിൽ തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യതപ്പെട്ട എല്ലാവരിൽ നിന്നും തൊഴിൽ നികുതി ഡിമാൻറ് ചെയ്തു

എന്നുറപ്പുവരുത്തിയിട്ടില്ല. വാർഡ് തലത്തിൽ പരിശോധന നടത്തി ട്രേഡേഴ്സ് ലിസ്റ്റും തയ്യാറാക്കിയിട്ടില്ല. ഇക്കാര്യത്തിൽ പഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.21 /2018-19 (തീയതി 5.10.2019) ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി തൊഴിൽ നികുതി ഡിമാന്റ് ചെയ്യാത്ത സ്ഥാപനങ്ങൾ കണ്ടെത്തി അവയ്ക്ക് ഡിമാന്റ് നോട്ടീസ് നൽകി തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

## 1-12 വസ്തുനികുതി ഇളവ് അനുവദിക്കൽ-ചട്ടങ്ങൾ പാലിക്കുന്നില്ല.

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും)ചട്ടങ്ങളിലെ ചട്ടം 21(ബി)1-ാം ഉപചട്ടപ്രകാരം നികുതിഇളവ് ചെയ്തുകിട്ടുന്നതിനുള്ള കാലം കണക്കാക്കേണ്ടത് ,ആ ആവശ്യത്തിനുള്ള നോട്ടീസ് നൽകിയ തീയതി മുതൽക്കോ കെട്ടിടം ഒഴിഞ്ഞു കിടന്ന തീയതി മുതൽക്കോ, ഇതിൽ ഏത് ഒടുവിൽ വരുന്നുവോ ആ തീയതി മുതൽ കണക്കാക്കേണ്ടതാകുന്നു.2018-19 ലെ വേക്കൻസി റെമിഷൻ അപേക്ഷകളും രജിസ്റ്ററും പരിശോധിച്ചതിൽ എല്ലാ കെട്ടിടങ്ങളുടെയും കാര്യത്തിൽ (ഏതാണ്ട് 800കെട്ടിടങ്ങൾ)നികുതി ഒഴിവാക്കുന്നതിനുള്ള അപേക്ഷ ലഭിച്ച തിയതിക്കുമുമ്പെ നികുതി ഇളവ് ചെയ്തു കൊടുത്തതായി കാണുന്നു. അർദ്ധവർഷം ആരംഭിക്കുന്ന ഏപ്രിൽ 1,ഒക്ടോബർ 1 എന്നീ തിയ്യതികളിലാണ് ഇളവ് അനുവദിച്ചതായി കാണുന്നത്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. നികുതി ഇളവ് അനുവദിക്കുമ്പോഴുള്ള സൂക്ഷ്മതക്കുറവും മേൽനോട്ടക്കുറവുമാണ് അപാകതകൾ ആവർത്തിക്കാനിടയാക്കുന്നത്. എല്ലാ അപേക്ഷകളും പുനപരിശോധിക്കേണ്ടതും അപാകതകൾ പരിഹരിക്കേണ്ടതുമാണ്.

## 1-13 തെറ്റായ നിരക്കിൽ കോസ്റ്റ് ഇൻഡക്സ് നൽകി പ്രവൃത്തി നടത്തുന്നു

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 വർഷത്തെ പ്രൊജക്ടുകളിൽ തെറ്റായ നിരക്കിൽ കോസ്റ്റ് ഇൻഡക്സ് കണക്കാക്കി എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവർത്തികൾ നിർവ്വഹണം നടത്തിയതായി കാണുന്നു. പ്രൈസ് സോഫ്റ്റ് വെയർ പ്രകാരമാണ് എസ്റ്റിമേറ്റ് നിരക്കുകൾ നിർണയിക്കുന്നത്. പി.ഡബ്ള്യു.ഡി ചീഫ് എഞ്ചിനീയറുടെ 19.9.2017 തിയ്യതിയിലെ CE/Admn/PLA/EMP/1014(a)/05 പ്രകാരം 1.10.2017 മുതൽ കോഴിക്കോടിന് ബാധകമായ കോസ്റ്റ് ഇൻഡക്സ് 37.25 ശതമാനം ആയി പുനർ നിർണയിച്ചിട്ടുള്ളതാണ്. എന്നാൽ ഗ്രാമ പഞ്ചായത്ത് നടപ്പിലാക്കിയ ചില പ്രോജക്ടുകളിൽ പഴയ നിരക്കായ 42.16 ശതമാനം കോസ്റ്റ് ഇൻഡക്സ് നൽകിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കി പ്രോജക്ട് നടപ്പാക്കിയത്.

കോസ്റ്റ് ഇൻഡക്സ് 37.25 ശതമാനം എന്ന തോതിൽ യഥാർത്ഥത്തിൽ നിർണയിക്കേണ്ടിയിരുന്നതിന് പകരം 42.16 പ്രകാരം നിരക്ക് അനുവദിച്ചതിനാൽ 2018-19ൽ ടെണ്ടർ ചെയ്ത് കരാർ വച്ച ചില പ്രവൃത്തികളിൽ അധികം ചെലവ് ഉണ്ടായിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് ഫണ്ട് നഷ്ടപ്പെടാത്ത രീതിയിൽ മതിയായ സമയം ലഭ്യമായിട്ടും കുറഞ്ഞ നിരക്കിൽ കോസ്റ്റ് ഇൻഡക്സ് ഉൾപ്പെടുത്തി എസ്റ്റിമേറ്റ് റിവൈസ് ചെയ്യാതിരുന്നത് മൂലം കരാറുകാർക്ക് അധിക തുക നൽകേണ്ടി വന്നിട്ടുണ്ട്.

പഴയ നിരക്കിലുള്ള എസ്റ്റിമേറ്റ് തുകയിലാണ് സാങ്കേതികാനുമതി വാങ്ങിയതെങ്കിലും പ്രവൃത്തികൾ ഏല്പിച്ചുകൊടുക്കുന്നത് പ്രാബല്യതീയതി കഴിഞ്ഞാണെന്നതിനാൽ കോസ്റ്റ് ഇൻഡെക്സിൽ വന്ന മാറ്റത്തിനനുസരിച്ച് എസ്റ്റിമേറ്റ് തുകയിൽ കുറവ് വരുത്തണമായിരുന്നു. താഴെ പറയുന്ന എല്ലാ പ്രവൃത്തികൾക്കും ടെണ്ടർ ക്ഷണിച്ചതും കരാർ വച്ചതും ഈ ഉത്തരവ് നിലവിൽ വന്ന ശേഷമാണ് ഇപ്രകാരം ചെയ്യാത്തതിനാൽ കോസ്റ്റ് ഇൻഡെക്സ് ഇനത്തിൽ 4.91 ശതമാനത്തിന്റെ ആധിക്യം ഉണ്ടാകുകയും അത്രയും തുകയുടെ അധികച്ചെലവ് സ്ഥാപനത്തിനുണ്ടാകുകയും ചെയ്തിട്ടുണ്ട്. ഓഡിറ്റ് വർഷത്തിൽ ചെലവ് വന്ന താഴെ പറയുന്ന പ്രവൃത്തികൾക്ക് അധികച്ചെലവുണ്ടായിട്ടുണ്ട്.

| ക്രമ നം | പ്രവൃത്തി, കരാർ നം./തീയതി | ആകെ ചെലവ് | ബിൽ നം തീയതി |
|---|---|---|---|
| 1 | 156/19മാവൂർ മണ്ണന്തലക്കടവ് റോഡ് 58/18-19/17.02.18. | 250000/- | 11/13.07.18 |

| | | | |
|---|---|---|---|
| | കരാറുകാരൻ-.ശ്രീ.അബ്ദുൾ നിസ്സാം | | |
| 2 | 155/19പുലപ്പാടി ആയോത്ത് നോർത്ത് ബ്രാഞ്ച് റോഡ് 44/17-18/12.02.18. കരാറുകാരൻ-.ശ്രീ.അബ്ദുൾ നാസർ | 200000/- | 05/16.06.18 |
| 3 | 170/19 വെളുത്തേടത്ത് താഴം ചോലക്കൽ റോഡ് 55/18-19/13.12.18. കരാറുകാരൻ-.ശ്രീ.ബി.സനിൽ | 199980/- | 54/15.01.19 |
| 4 | 167/19വള്ളിക്കാട്ടിൽ റോഡ് 54/18-19/13.12.18. കരാറുകാരൻ-.ശ്രീ.സനിൽ.ബി | 237976/- | 53/15.01.2019 |
| 5 | 166/19 പാഞ്ചീര മീത്തൽ ഗോശാലം പറമ്പ് റോഡ് 52/17-18/17.02.2018.<br>കരാറുകാരൻ-ശ്രീ.സനിൽ.ബി | 250000/- | 18/16.08.18 |
| 6 | 165/19പള്ളിക്കോത്ത് താഴം ചക്കിട്ടകണ്ടി റോഡ് 12/17-18/27.12.2017.<br>കരാറുകാരൻ-ശ്രീ.റിയാസ് അഹമ്മദ് | 250000/- | 69/29.01.19 |
| 7 | 162/19 മണക്കാട് യു.പി സ്കൂൾ മുറ്റം ഇന്റർലോക്ക് 10/17-18/27.12.17<br>കരാറുകാരൻ-.ശ്രീ.അബൂബക്കർ . | 349650/- | 07/16.06.18 |
| 8 | 161/19 വളയന്നൂർ ജി.എൽ.പി കഞ്ഞിപ്പുര ഗ്രിൽ പ്രവൃത്തി AE/KDY/73/17-18/09.02.18.<br>കരാറുകാരൻ-ശ്രീ.വി.കെ. റസാക്ക് | 95466/- | 09/16.06.18 |
| 9 | 160/19 ഏഴുനിലം അങ്കണവാടി പൂർത്തീകരണം 60 /17-18/18.03.18<br>കരാറുകാരൻ-ശ്രീ.അബ്ദുൾ നാസർ | 319836/- | 24/28.09.18<br>34/19.11.18 |
| 10 | 136/19 കാര്യാട്ട് എ.എൽ.പിസ്കൂൾ അങ്കണവാടി റോഡ് 46/17-18/12.02.18.<br>കരാറുകാരൻ-ശ്രീ.അബ്ദുൾ നാസർ | 135270/- | 02/25.04.18 |
| 11 | 149/19 മുഴാപ്പാലം കുറ്റിക്കടവ് റേഡ് 59/18-19/13.12.18.<br>കരാറുകാരൻ-ശ്രീ.ബി.സനിൽ | 199980/- | 54/15.01.19 |
| 12 | 148/19തെങ്ങിലക്കടവ് വില്ലേരിത്താഴം റോഡ് 49/17-18/14.02.18.<br>കരാറുകാരൻ-ശ്രീ.അബ്ദുൾ മുനീർ | 200000/- | 22/16.08.18 |
| 13 | 147/19 ചീളപ്പുറത്ത് താഴം വില്ലേരികുന്ന് റോഡ് 53/17-18/17.02.18.കരാറുകാരൻ-ശ്രീ.സനിൽ.ബി | 313794/- | 13/16.08.18 |
| 14 | 146/19 പൊക്കിനാത്ത് പട്ടേരിക്കൽ റോഡ് 58/18-19/13.12.18.കരാറുകാരൻ-ശ്രീ.സനിൽ.ബി | 198773/- | 69/29.01.19 |
| 15 | 145/19 ഖാദി ബോർഡ് പട്ടരിക്കുന്ന് റോഡ് 57/18-19/13.12.18.കരാറുകാരൻ-ശ്രീ.സനിൽ.ബി | 249975/- | 66/24.01.19 |
| 16 | 154/19 താത്തൂർ പൊയിൽ അങ്ങാടിക്കടവ് റോഡ് 17/17-18/01.01.18 കരാറുകാരൻ-ശ്രീ.ഗിരീഷ് കുമാർ | 250000/- | 08/16.06.18 |
| 17 | 154/19 ഗീതാ ക്വാർട്ടേഴ്സ് ആശാരി പുൽ പറമ്പിൽ റോഡ് 42/17-18/12.02.18 കരാറുകാരൻ-ശ്രീ.അബ്ദുൾ നാസർ | 265000/- | 03/16.06.18 |
| | | | |

| | | | |
|---|---|---|---|
| 18 | 171/19 തട്ടാമ്പലത്ത് പറമ്പത്താന റോഡ് 61/18-19/13.12.18. കരാറുകാരൻ-ശ്രീ.സനിൽ.ബി | 134305/- | 73/24.01.19 |
| 19 | 144/19 മലപ്രം ചെറുകുളത്തൂർ റോഡ് 52/18-19/13.12.18. കരാറുകാരൻ-ശ്രീ. അബ്ദുൾ നാസർ | 255875/- | 58/15.01.19 |
| 20 | 143/19 മലപ്രം മഞ്ഞൊടി റോഡ് 49/17-18/14.12.18. കരാറുകാരൻ-ശ്രീ. അബ്ദുൾ നാസർ | 199998/- | 48/31.12.18 |
| 21 | 180/19 തെങ്ങിലക്കടവ് വില്ലേരിത്താഴം റോഡ് 53/18-19/13.12.18. കരാറുകാരൻ-ശ്രീ. അബ്ദുൾ നാസർ | 266213/- | 56/15.01.19 |
| 22 | 157/19ഏഴുനിലം മസ്ജിദ് റോഡ് 56/17-18/17.02.18. കരാറുകാരൻ-ശ്രീ.മുഹമ്മദ് സാദത്ത് | 165000/- | 20/10.08.18 |
| 23 | 158/19 പുറത്തഞ്ചേരി കനിയമഠം റോഡ് 43/17-18/12.02.18. കരാറുകാരൻ-ശ്രീ.അബ്ദുൾ നാസർ.സി | 300000/- | 06/16.06.18 |

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ തുക കരാറുകാരിൽ നിന്ന് ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിലേയ്ക്ക് അടയ്ക്കേണ്ടതാണ്.

## 1-14 പൊതു മരാമത്ത് പ്രവർത്തി ബില്ലിൽ നിന്ന് ഓവർ ഹെഡ് ചാർജ് ഈടാക്കുന്നത് സംബന്ധിച്ച്

പഞ്ചായത്തിലെ പൊതു മരാമത്ത് പ്രവൃത്തികൾ പ്രൈസ് സോഫ്റ്റ്വെയർ വഴി തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരമാണ് നടപ്പാക്കുന്നത്. ഇപ്രകാരമുള്ള പ്രവൃത്തികളുടെ ഡാറ്റാ പരിശോധിച്ചതിൽ എല്ലാ ഇനങ്ങൾക്കും നിരക്കുകൾ കണക്കാക്കിയിരിക്കുന്നത് ജി.ഓ(ആർ.ടി)2480/ 2010/ തസ്വഭവ/29.07.2010 നമ്പർ ഉത്തരവ് പ്രകാരം 10% ഓവർഹെഡ് ചാർജ്ജും അതിന്മേൽ കരാറുകാരന്റെ 10% ലാഭവും ഉൾപ്പെടുത്തിയാണ്. ഇതു സംമ്പന്ധിച്ച് താഴെ പറയുന്ന അപാകത കാണുന്നു.

MoRD സ്പെസിഫിക്കേഷൻ അനുസരിച്ച് തയ്യാറാക്കിയ സ്റ്റാൻഡേർഡ് ഡാറ്റാബുക്ക് പ്രകാരമുള്ള ഡാറ്റയെ അടിസ്ഥാനമാക്കിയാണ് PRICE LSGD ൽ MoRD പ്രകാരമുള്ള ഇനങ്ങളുടെ നിരക്ക് കണക്കാക്കിയിരിക്കുന്നത്. സ്റ്റാൻഡേർഡ് ഡാറ്റാബുക്ക് തയ്യാറാക്കുന്നതിനുള്ള അടിസ്ഥാന സമീപനങ്ങളും പൊതുമാനദണ്ഡങ്ങളും വിവരിക്കുന്ന ആമുഖത്തിലെ ഖണ്ഡിക നം. 4 ൽ ഓവർഹെഡ് ചാർജ്ജ് ഉൾപ്പെട്ടതിന്റെ സാഹചര്യം വ്യക്തമാക്കുന്നുണ്ട്. റോഡ് പ്രവൃത്തികൾക്ക് 10% വും പാലം പ്രവൃത്തികൾക്ക് 20% വും OH കണക്കാക്കിയത് 17 ഇനങ്ങളിലായി കരാറുകാരന് വരാനിടയുള്ള ചെലവുകൾ പരിഗണിച്ചുകൊണ്ടാണെന്ന് മേൽപറഞ്ഞ ഖണ്ഡികയിൽ സൂചിപ്പിക്കുന്നു. ഇവയിൽ പ്രധാനപ്പെട്ടവ പ്ലാന്റുകൾ, ആക്സസ് റോഡുകൾ, ജലവിതരണം, വൈദ്യുതി, സൈറ്റിലെ താമസം എന്നിവയ്ക്കുള്ള ചെലവ്, സൈറ്റ് ഓഫീസ് സ്ഥാപിക്കുന്നതിനുള്ള ചെലവ്, ലേബർ നിയമ പ്രകാരമുള്ള ചെറിയ തോതിലുള്ള ക്യാമ്പുകൾ സ്ഥാപിക്കുന്നതിനുള്ള ചെലവ്, മേൽനോട്ടത്തിനുള്ള ചെറിയ വാഹനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള ചെലവ്, MoRD സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഗുണനിലവാര പരിശോധന നടത്തുന്നതിനും ഇതിന് ലാബ് ഒരുക്കുന്നതിനുമുള്ള ചെലവ്, വാച്ച് & വാർഡ് ഏർപ്പെടുത്തുന്നതിനുള്ള ചെലവ്, നിർമ്മാണ സമയത്ത് പരിസ്ഥിതി സംരക്ഷിക്കുന്നതിനുള്ള ചെലവ് തുടങ്ങിയവയാണ്. ഗ്രാമപഞ്ചായത്തിന്റെ റോഡ് പ്രവൃത്തികൾ പരിഗണിക്കുമ്പോൾ മേൽപറഞ്ഞവ അപ്രസക്തമായ ഘടകങ്ങൾ ആണ്. ഗ്രാമപഞ്ചായത്തുകളുടെ പ്രത്യേക സാഹചര്യത്തിൽ റോഡുകൾ വളരെ ചെറുതായതു കൊണ്ടും ഇതുതന്നെ ഭാഗികമായി ചെയ്യുന്നതിനാൽ കുറഞ്ഞ പ്രോജക്ട് ചെലവ് മാത്രം വരുമെന്നതിനാലും മേൽപറഞ്ഞ ചെലവുകൾ കരാറുകാരന് വഹിക്കേണ്ടി വരുന്നില്ല. എന്നാൽ വലിയ പ്രവൃത്തികൾക്കെന്ന പോലെ ഓവർഹെഡ് ചാർജ്ജ് പൂർണ്ണമായും (10%) നൽകുന്നത് അനർഹമാണ്. കൂടാതെ ഇത് പഞ്ചായത്തിന് വൻ സാമ്പത്തിക നഷ്ടവും ഉണ്ടാക്കുന്നു. ഈ സോഫ്റ്റ് വെയറിൽ തന്നെ തയ്യാറാക്കുന്ന MoRTH സ്പെസിഫിക്കേഷനിൽ റോഡ് നിർമ്മാണ ത്തിന് 5% ഓവർഹെഡ് ചാർജ്ജാണ് നല്കിവരുന്നത് . മേൽ സാഹചര്യത്തിൽ കരാറുകാർക്ക് ഓവർഹെഡ് ചാർജ്ജിനത്തിൽ അധിക തുക നൽകിയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദമായ മറുപടി നൽകേണ്ടതാണ്.

# 1-15 കരാർ വയ്ക്കുന്നതിന് കാലതാമസം - കരാറുകാരനിൽ നിന്ന് പിഴ ഈടാക്കിയിട്ടില്ല

ജി.ഒ. (പി)13/2012/പിഡബ്ല്യുഡി/1.2.12 പ്രകാരമുള്ള പൊതു മരാമത്ത് മാന്വൽ പ്രകാരം പൊതുമരാമത്ത് പ്രവൃത്തികൾക്ക് ടെണ്ടർ അംഗീകരിച്ച് സെലക്ഷൻ നോട്ടീസ് അയച്ച തിയ്യതിക്ക് 14 ദിവസത്തിനുള്ളിൽ കരാർ വയ്ക്കേണ്ടതാണ്. 14 ദിവസം കഴിഞ്ഞ് പിഎസി യുടെ 1% പിഴ ഈടാക്കിക്കൊണ്ട് 10 ദിവസത്തിനുള്ളിൽ കരാർ വയ്ക്കാം. മേൽ കാലപരിധി കഴിഞ്ഞും കരാർ വെയ്ക്കാത്ത പക്ഷം കരാർ റദ്ദാക്കി ഇ.എം.ഡി കണ്ടു കെട്ടേണ്ടതും കരാറുകാരനെതിരെ ടെണ്ടർ നിബന്ധനകളിൽ പറഞ്ഞ മറ്റു നടപടികൾ സ്വീകരിക്കേണ്ടതുമാണ്. താഴെ പറയുന്ന പ്രോജക്ടുകളിൽ കരാർ പ്രവൃത്തികൾക്കായി 14 ദിവസത്തിനകം കരാർ വയ്ക്കാത്ത കരാറുകാരനിൽ നിന്നും പിഴ ഈടാക്കാതെയും മറ്റ് നിയമാനുസൃത നടപടികൾ സ്വീകരിക്കാ തെയുമാണ് കരാർ വച്ചിട്ടുള്ളത്

| ക്രമ നം | പ്രോജക്ട് | സെലക്ഷൻ നോട്ടീസ് തിയതി | കരാർ വച്ച തിയ്യതി / കരാറുകാരൻ | പിഎസിയുടെ 1% ഫൈൻ തുക |
|---|---|---|---|---|
| 1. | മാവൂർ മണ്ണന്തലക്കണ്ടി റോഡ് 156/19 (ബിൽ 11/18-19 /13.07.18 ,250000/-) കരാർ തുക 250000 | 29.01.18 | 58/18-19 17.02.18 ശ്രീ.അബ്ദുൾ നിസ്സാം | 2500/- |
| 2 | പള്ളിക്കോത്ത് പാടത്തുംകണ്ടി കുടിവെള്ള പദ്ധതി 197/19 (ബിൽ 27/18-19 /28.09.18, 32/18-19/21.11.18, 33/18-19/21.11.18-586675/-) കരാർ തുക -823661 | 15.03.18 | 1/18-19/23.04.18 ശ്രീ.സനിൽ.ബി | 8236/- |
| 3 | ഏഴുനിലം മസ്ജിദ് റോഡ് 157/19 (ബിൽ 20/18-19 /10.08.18/-165000/-) കരാർ തുക 300000 | 24.01.18 | 56/17-18/ 17.02.18 ശ്രീ.മുഹമ്മദ് സാദത്ത് | 3000/- |
| 4 | പള്ളിയോൾ ഹൈസ്കൂൾ റോഡ് റീ ടാറിങ്ങ് 125/19 (ബിൽ 59/18-19 /115.01.19/-199405/-) കരാർ തുക 200000 | 12.09.18 | 36/18-19/ 09.10.18 ശ്രീ. സനിൽ .ബി | 2000/- |
| 5 | ചെറൂപ്പ തെങ്ങിലക്കടവ് ലിങ്ക് റോഡ് 51/19 (ബിൽ 80/18-19 /14.03.19/-250000/-) കരാർ തുക 250000 | 12.09.18 | 26/18-19/ 09.10.18 ശ്രീ. സനിൽ .ബി | 2500/- |
| 6 | മസ്ജിദ് റോഡ് റിട്ടെയ്നിങ്ങ് വാൾ നിർമ്മാണം 56/19 (ബിൽ 39/18-19 /31.12.18/-200000/-) കരാർ തുക 200000 | 12.09.18 | 20/18-19/ 05.10.18 ശ്രീ. ഹനീഫ.പി | 2000/- |
| 7 | കൽപ്പള്ളി മട്ടാനത്ത് താഴം റോഡ് സൈഡ് കെട്ട് 097/19 (ബിൽ 76,77/18-19/14.03.19/-279734/-) കരാർ തുക 300000 | 12.09.18 | 21/18-19/ 05.10.18 ശ്രീ. ഹനീഫ.പി | 3000/- |
| | | | | |

| | | | | |
|---|---|---|---|---|
| 8 | അടുവാട് കോട്ടക്കുന്ന് കോളനി റോഡ് കോൺക്രീറ്റ് 95/19 (ബിൽ 41/18-19 /115.01.19/-199800/-) കരാർ തുക 200000 | 12.09.18 | 30/18-19/ 09.10.18 ശ്രീ. സനിൽ .ബി | 2000/- |
| 9 | പേരാപ്പിൽ പറയരുകോട്ട തീർഥക്കുന്ന് റോഡ് 75/19 (ബിൽ 61/18-19 /15.01.19/-299023/-) കരാർ തുക 300000 | 12.09.18 | 29/18-19/ 09.10.18 ശ്രീ. സനിൽ .ബി | 3000/- |
| 10 | പൈക്ക സെന്റർ പീർത്തീകരണം 125/19 (ബിൽ 38/18-19 /31.12.2018/-88523/-) കരാർ തുക 102000 | 12.09.18 | 17/18-19/ 04.10.18 ശ്രീ. ഗിരീഷ് കുമാർ | 1020/- |
| 11 | കോട്ടപറമ്പ് കോളനി റോഡ് കോൺക്രിറ്റ് 106/19 (ബിൽ 71/18-19 /24.01.19/-199800/-) കരാർ തുക 200000 | 12.09.18 | 31/18-19/ 09.10.18 ശ്രീ. സനിൽ .ബി | 2000/- |
| 12 | കണ്ണിപറമ്പ് ശിവക്ഷേത്രം റോഡ് സൈഡ് കെട്ട് 109/19 (ബിൽ 88/18-19 /20.03.19/-300000/-) കരാർ തുക 300000 | 12.09.18 | 32/18-19/ 09.10.18 ശ്രീ. സനിൽ .ബി | 3000/- |
| 13 | പഞ്ചായത്ത് ഓഫീസ് ഷോപ്പിങ്ങ് കോംപ്ലക്സ് സീലിങ്ങ് എക്കോപ്രൂഫിങ്ങ 185/19 (ബിൽ 84/18-19 /27.03.19/-45000/-) കരാർ തുക 2127000 | 12.09.18 | 22/18-19/ 05.10.18 ശ്രീ. മുഹമ്മദലി | 21270/- |
| 14 | വില്ലേജ് ഓഫീസ് തലക്ക് മരം പറമ്പ് റോഡ് 112/19 (ബിൽ 64/18-19 /21.01.19/-400000/-) കരാർ തുക 400000 | 12.09.18 | 23/18-19/ 06.10.18 ശ്രീ. അലവി | 4000/- |
| 15 | തട്ടാമ്പലത്ത് പറമ്പത്തന റോഡ് 43/19 (ബിൽ 79/18-19 /14.03.19/-196904/-) കരാർ തുക 300000 | 12.09.18 | 19/18-19/ 05.10.18 ശ്രീ. ഹനീഫ.പി | 3000/- |
| | | | ആകെ | 62,526 |

കരാർ വെയ്ക്കാൻ വൈകിയതിന് കാരണം കാണിക്കുകയോ ആയത് അംഗീകരിക്കപ്പെടുകയോ ചെയ്തിട്ടില്ല. കരാർ വെയ്ക്കാത്ത കരാറുകാരനിൽ നിന്നും പിഴ ഈടാക്കാതെയും മറ്റ് നിയമാനുസൃത നടപടികൾ സ്വീകരിക്കാതെയുമാണ് കരാർ വച്ച് പ്രവർത്തി പൂർത്തിയാക്കിയിട്ടുള്ളത്. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പിഴയിനത്തിൽ ഈടാക്കേണ്ടിയിരുന്ന 62,526 രൂപ കരാറുകാരിൽ നിന്ന് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടയ്ക്കേണ്ടതാണ്.

## 1-16 ബയോജൈവ വൈവിധ്യ പദ്ധതി - ഫണ്ട് വിനിയോഗത്തിലെ അപാകതകൾ

കേരള സംസ്ഥാന ജൈവ വൈവിധ്യ ബോർഡ് 2017-18 സാമ്പത്തിക വർഷത്തിൽ മാവൂർ ഗ്രാമ പഞ്ചായത്തിലെ

ബി.എം.സി യെ (ബയോ മാനേജ്മെന്റ് കമ്മറ്റി) മാതൃകാ ബി.എം.സി.ആയി തെരഞ്ഞെടുത്തിട്ടുണ്ട്. ബി.എം.സി പദ്ധതിയുടെ നടത്തിപ്പിനായി 03.01.2018 ന് 2469/എ5/2017 നമ്പർ ഉത്തരവ് പ്രകാരം ചെക്ക് നമ്പർ 2456604 പ്രകാരം 420000 രൂപ പഞ്ചായത്തിന് ലഭിച്ചു. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഫണ്ട് ലഭ്യമാക്കിക്കൊണ്ടുള്ള ഉത്തരവിൽ ബി.എം.സി. ചെയർപേഴ്സന്റെയും സെക്രട്ടറിയുടെയും പേരിൽ ഒരു ദേശസാൽകൃത ബാങ്കിൽ ഒരു സീറോബാലൻസ് അക്കൗണ്ട് തുടങ്ങി തുക അതിൽ നിക്ഷേപിച്ച് വിനിയോഗിയ്ക്കാനാണ് നിർദ്ദേശം .എന്നാൽ പഞ്ചായത്ത് ആ നിർദ്ദേശം പാലിച്ചിട്ടില്ല. കെ.ഡി.സി ബാങ്കിൽ 10005120102016 നമ്പർ അക്കൗണ്ടിലാണ് തുക നിക്ഷേപിച്ച ചെലവഴിയ്ക്കുന്നത്.

2. പദ്ധതിയുടെ നടത്തിപ്പിനായി ബി.എം.സി.യ്ക്ക് പ്രത്യേകമായി ഓഫീസ് ,ലൈബ്രറി എന്നിവ സജ്ജമാക്കുക എന്ന ലക്ഷ്യത്തോടെ ഓഫീസിനാവശ്യമായ ഫർണിച്ചറുകൾ 21779 രൂപ ചെലവഴിച്ച വാങ്ങിയിട്ടുണ്ട്. എന്നാൽ ഓഫീസ് ഇതു വരെ സജ്ജമായിട്ടില്ല. ഫർണിച്ചറുകൾ എവിടെയാണ് സൂക്ഷിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കിയിട്ടില്ല.

3. ഫർണീച്ചറുകൾ എം/എസ് നൂർ ഫർണിച്ചർ എന്ന സ്ഥാപനത്തിൽ നിന്ന് ക്വട്ടേഷനൊന്നും കൂടാതെ നേരിട്ട് വാങ്ങിയിട്ടുണ്ട്. (ചെക്ക് നം. 15664/12.12.18) . പഞ്ചായത്തുകൾ മതിപ്പുവില 5000ത്തിന് മുകളിലും 25000 ന താഴെയുമുള്ള തുക കൾക്ക് ക്വട്ടേഷൻ മുഖേന ലോക്കൽ ഷോപ്പിങ്ങ് നടത്തണമെന്നിരിക്കെ ഓഫീസ് പോലും തുടങ്ങിയിട്ടില്ലാത്ത് ഈ ആവശ്യത്തിലേയ്ക്ക് തിടുക്കപ്പെട്ട് പർച്ചേസ് നടത്തിയത് എന്തിനെന്ന് വ്യക്തമല്ല. സ്ഥാപനം നൽകിയിട്ടുള്ള ബിൽ പ്രകാരം (113/21.11.18) 2 അലമാരയും 1 മെറ്റൽ ചെയറുമാണ് സപ്ലൈ ചെയ്തിട്ടുള്ളത്. എന്നാൽ ബയോഡൈവേഴ്സിറ്റി സ്റ്റോക്ക് റജിസ്റ്ററിൽ 2 അലമാരയും10 മെറ്റൽ ചെയറുമാണ് ഉള്ളത്.

4.ജൈവവൈവിധ്യ ബോർഡ് പദ്ധതിയുടെ പൂർത്തീകരണം സംമ്പന്ധിച്ച് റിപ്പോർട്ട് ആവശ്യപ്പെടുന്നുണ്ടെങ്കിലും പഞ്ചായത്ത് തുക വിനിയോഗിച്ച് പദ്ധതി ലക്ഷ്യം പൂർത്തീകരിച്ചിട്ടില്ല. അക്കൗണ്ടിൽ 4/19 ൽ361629 രൂപ നീക്കിയിരിപ്പുണ്ട്.

5.തണ്ണീർത്തടങ്ങൾ കമ്മ്യൂണിറ്റി റിസർവ്വുകളാക്കുക എന്നതാണ് പഞ്ചായത്തിലെ പദ്ധതിയുടെ ഒരു പ്രധാന ലക്ഷ്യം. ഇതിനായി ജൈവ വൈവിധ്യ പരിപാലന കമ്മറ്റി കൽപ്പള്ളി ,തെങ്ങിലക്കടവ് പ്രദേശങ്ങളിലെ തണ്ണീർ തടങ്ങളെ കമ്മ്യൂണിറ്റി റിസർവ്വുകളായി പ്രഖ്യാപിയ്ക്കുകയും ഇതിനായി കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ അംഗീകാരം വാങ്ങുകയും ചെയ്തിട്ടുണ്ട്. ഇതിലെ തുടർ നടപടികൾ അറിയിക്കേണ്ടതാണ് .

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

## 1-17 പഞ്ചായത്തിലെ വാങ്ങൽ നടപടി ക്രമങ്ങൾ നിയമാനുസൃതമല്ല

ഗ്രാമപഞ്ചായത്ത് വാങ്ങൽ നടപടി ക്രമങ്ങളിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിയ്ക്കുന്നില്ല. 08.11.2010 ലെ ജി.ഒ(പി)/259/2010/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരമുള്ള തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ സാധനങ്ങൾ സമാഹരിയ്ക്കുന്നതിനുള്ള നടപടി ക്രമങ്ങൾ പാലിച്ചല്ല വാങ്ങൽ പദ്ധതികൾ നടപ്പിലാക്കിയിട്ടുള്ളത്. വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് സാമ്പത്തിക വർഷാരംഭത്തിൽ തന്നെ നടത്തുകയും സമാഹരണ നടപടി ആരംഭിയ്ക്കുകയും വേണം. ഓഫീസ് ഉപകരണം ഫർണിച്ചർ എന്നിവ വാർഷിക ആവശ്യം മുൻനിർത്തി മതിയായ എണ്ണം കണക്കാക്കി ഒന്നിച്ച് വാങ്ങണം. ഇവിടെ മൊത്തത്തിലുള്ള കണക്കെടുപ്പ് നടത്തി വാങ്ങുന്നതിന് പകരം ഓരോ നിർവ്വഹണ ഉദ്യോഗസ്ഥനും അവരുടെ ആവശ്യകതയ്ക്കനുസരിച്ച് പ്രത്യോകം പർച്ചേസ് നടത്തുകയാണ് ചെയ്യുന്നത്.

വാങ്ങൽ പദ്ധതി തയ്യാറാക്കുന്നതിനും അന്തിമം ആക്കുന്നതിനും നിർവ്വഹണ ഉദ്യോഗസ്ഥൻ നേതൃത്വം കൊടുക്കുന്ന ഒരു വാങ്ങൽ ടീം ഉണ്ടായിരിക്കണം. വാങ്ങൽ നടപടികളുടെ എല്ലാഘട്ടത്തിലും പ്രൊക്വയർ ടീം ആണ് നേതൃത്വം നൽകേണ്ടത്. അങ്ങനെ ഒരു ടീം ഉള്ളതിന്റെ രേഖകൾ നിർവ്വഹണ ഉദ്യോഗസ്ഥരൊന്നും ഹാജരാക്കിയിട്ടില്ല. വാങ്ങൽ ടീമിനെ നയിക്കുന്നതിനും മേൽനോട്ടം വഹിയ്ക്കുന്നതിനും പ്രൊക്വയർമെന്റ് കമ്മറ്റി ഉണ്ടായിരിയ്ക്കണം. പഞ്ചായത്തിൽ ഉള്ള പ്രൊക്വർമെന്റ് കമ്മറ്റി ഈ സാമ്പത്തിക വർഷത്തിൽ 3 തവണ യോഗം ചേരുകയും സാധനങ്ങൾ വാങ്ങുന്നതിന് അതാത് നിർവ്വഹണ ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തുകയും വാങ്ങൽ നടപടികൾ പൂർത്തിയാകുമ്പോൾ നിർവ്വഹണ ഉദ്യോഗസ്ഥൻ

ടെണ്ടർ/ക്വട്ടേഷൻ വിളിച്ച് വാങ്ങിയ നടപടികൾ സാധൂകരിയ്ക്കുകയും മാത്രമാണ് ചെയ്യുന്നത്. വാങ്ങൽ രേഖകളുടെ സൂക്ഷ്മ പരിശോധന നടത്തി ഉചിതമായ തീരുമാനമെടുക്കേണ്ടത് പ്രോക്യർമെന്റ് കമ്മറ്റിയാണ്.

വാങ്ങൽ പദ്ധതി തയ്യാറാക്കുന്നതു മുതൽ കരാർ അവസാനിക്കുന്നതുവരെ പദ്ധതി കാര്യക്ഷമമാക്കുന്നതിന് സോഷ്യൽ ഓഡിറ്റ് കമ്മറ്റികൾ രൂപീകരിയ്ക്കേണ്ടതാണ്. പഞ്ചായത്തിലെ ഒരു വാങ്ങലിലും ഈ കമ്മറ്റിയുടെ മോണിറ്ററിങ്ങ് ഉണ്ടായിട്ടില്ല. പഞ്ചായത്ത് 2018-19 ൽ താഴെ പറയുന്ന പ്രൊജക്ടുകൾ ആണ് നടപടിക്രമങ്ങൾ പാലിയ്ക്കാതെ നടപ്പിലാക്കിയിട്ടുള്ളത് .

| പ്രൊജക്ട് | നിർവ്വഹണ ഉദ്യോഗസ്ഥൻ | ചെലവ് തുക |
|---|---|---|
| 05/19 പഞ്ചായത്ത് ഓഫീസിലേയ്ക്ക് ഉപകരണം വാങ്ങൽ | സെക്രട്ടറി | 169136 |
| 63/19 ഘടക സ്ഥാപനങ്ങളിലേയ്ക്ക് കമ്പ്യൂട്ടറുകളും ഉപകരണങ്ങളും വാങ്ങൽ | സെക്രട്ടറി | 66224 |
| 14/19യു.പി.സ്കൂളിലേയ്ക്ക് ഫർണിച്ചർ വാങ്ങൽ | ഹെഡ് മാസ്റ്റർ | 291000 |
| 06/19 എസ്.സി വിദ്യാർഥികൾക്ക് ലാപ്പ്ടോപ്പ് | അസിസ്റ്റന്റ് സെക്രട്ടറി | 293441 |
| 200/19 മൃഗാശുപത്രിയിലേയ്ക്ക് അലമാര ഫ്രിഡ്ജ് വാങ്ങൽ | വെറ്ററിനറി സർജൻ | 44427 |
| 38/19 മൃഗാശുപത്രിയിലേയ്ക്ക് ബില്ലിങ്ങ് ഉപകരണങ്ങൾ വാങ്ങൽ | വെറ്ററിനറി സർജൻ | 14990 |

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ നിർദ്ദേശപ്രകാരമുള്ള വാങ്ങൽ നടപടി ക്രമങ്ങൾ പാലിച്ചുകൊണ്ട് വാർഷിക ആവശ്യകത മുൻനിർത്തി സമാഹരണ പദ്ധതി തയ്യാറാക്കി വാങ്ങലുകൾ നടത്തേണ്ടതാണ്.

# 1-18 പൊതുമരാമത്ത് പ്രവൃത്തികൾ സമയബന്ധതമായി പൂർത്തീകരിയ്ക്കാത്തത് മൂലം പഞ്ചായത്ത് ഫണ്ട് നഷ്ടമാകുന്നു.

പഞ്ചായത്ത് 2017-18 വർഷത്തിൽ നടപ്പിലാക്കാനായി അംഗീകാരം വാങ്ങിയിട്ടുള്ള ചില പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കാത്തതിനാൽ പ്രവൃത്തികൾ പൂർത്തീകരിച്ച് ബിൽ തുക നൽകിയിരുന്നില്ല. ഇതുകാരണം 2017-18 ൽ ഇതിനായി ലഭിച്ച ഫണ്ട് ചെലവഴിയ്ക്കാതെ പാഴായി പോയ അവസ്ഥ ഉണ്ടായി. 2018-19 ൽ മേൽ പ്രവൃത്തികൾ പൂർത്തീകരിച്ച് ബിൽ തുക നൽകിയതിനാൽ 2018-19 വർഷത്തിൽ നടപ്പിലാക്കേണ്ടിയിരുന്ന പല പ്രവൃത്തികളും നടപ്പാക്കാൻ സാധിച്ചിട്ടില്ല. മാത്രമല്ല പ്രവൃത്തി പൂർത്തീകരിച്ചിട്ടും ഫണ്ട് ഇല്ലാത്തതിനാൽ പല ബില്ലുകൾക്കും തുക നൽകാൻ സാധിച്ചിട്ടില്ല. ഇത് നൽകുന്നതിനായി അടുത്ത സാമ്പത്തിക വർഷത്തെ അലോട്ട്മെന്റിൽ നിന്ന് തുക നീക്കി വയ്ക്കേണ്ടതായി വരും. 2018-19 ൽ ആകെ 100 പൊതുമരാമത്ത് പദ്ധതികൾ ഉള്ളതിൽ 42 എണ്ണം സ്പിൽ ഓവർ പ്രവൃത്തികളാണ്. ഇതിൽ 5 സ്പിൽ ഓവർ പ്രവൃത്തികൾ 2018-19 വർഷത്തിലും പൂർത്തിയാക്കിയിട്ടില്ല. സ്പിൽ ഓവർ പ്രൊജക്ടുകൾ സ്പിൽ ഓവർ ആയ അതേ വർഷം തന്നെ നിർബന്ധമായും പൂർത്തിയാക്കേണ്ടതാണ്. സ്പിൽ ഓവർ പ്രവൃത്തികൾക്ക് തുക ചെലവഴിക്കപ്പെടാത്തതിനാൽ തുടർ സാമ്പത്തിക വർഷത്തിൽ ഈ പ്രൊജക്ടുകൾക്കായി തുക വകയിരുത്താൻ കഴിയാത്ത അവസ്ഥയിലാണുള്ളത്.

സ്പിൽ ഓവർ പ്രവൃത്തികൾക്കായി തൻവർഷത്തെ വികസന പ്രവർത്തനങ്ങൾക്ക് ചെലവഴിക്കേണ്ടിയിരുന്ന തുകയിൽ നിന്ന് 88,81,298 രൂപ ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് | സ്പിൽ ഓവർ പ്രവർത്തിക ൾക്ക് ചെലവഴിച്ച തുക |
|---|---|
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 3085678 |
| മെയിന്റനൻസ് ഗ്രാന്റ് റോഡിതരം | 878796 |
| വികസന ഫണ്ട് ധനകാര്യ കമ്മീഷൻ അവാർഡ് | 3792056 |
| വികസന ഫണ്ട് എസ്.സി.പി | 422515 |
| വികസന ഫണ്ട് ജനറൽ | 702253 |
| ആകെ | 8881298 |

കൂടാതെ തൻ വർഷത്തിൽ മരാമത്ത് പ്രവൃത്തികൾ പൂർത്തീകരിക്കപ്പെടാത്തതിനാൽ സർക്കാരിൽ നിന്നും വിവിധ ഫണ്ടിനങ്ങളിൽ ലഭിച്ച നല്ലൊരു ശതമാനം തുക സർക്കാരിലേക്ക് തന്നെ തിരികെ പോയിരിക്കയാണ്. വികസന ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ്, മെയിന്റനൻസ് ഗ്രാന്റ് ഇനങ്ങളിലായി സാമ്പത്തിക വർഷത്തിൽ വകയിരുത്തിയ തുക മുഴുവൻ ചെലവഴിയ്ക്കാതിരുന്നത് വീഴ്ചയാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് | വകയിരുത്തിയ തുക | ചെലവ് | ചെലവ് ശതമാനം | നഷ്ടമായ തുക |
|---|---|---|---|---|
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 10327000 | 6536826 | 63 | 3790174 |
| മെയിന്റനൻസ് ഗ്രാന്റ് റോഡിതരം | 2302300 | 1506284 | 65 | 796016 |
| വികസനഫണ്ട് ധനകാര്യ കമ്മീഷൻ അവാർഡ് | 9434015 | 5747594 | 61 | 3686421 |
| വികസന ഫണ്ട് എസ്.സി.പി | 3526500 | 2674095 | 75 | 852405 |
| വികസന ഫണ്ട് ജനറൽ | 1679875 | 1447445 | 86 | 232430 |
| ആകെ | 27269690 | 17912244 | 65 | 9357446 |

27269690 രൂപ വകയിരുത്തിയതിൽ 17912244 രൂപ മാത്രമാണ് ചെലവഴിക്കപ്പെട്ടിരിക്കുന്നത്. വകയിരുത്തിയ തുക ചെലവഴിക്കപ്പെടാത്തതിനാൽ 9357446 രൂപ മേൽ ഇനങ്ങളിലായി സാമ്പത്തിക വർഷത്തിൽ സർക്കാരിലേക്ക് തിരികെ പോയിട്ടുണ്ട്.

എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലും സാങ്കേതികാനുമതി ലഭിക്കുന്നതിലും പ്രവൃത്തികൾ കരാറുകാരെ ഏൽപ്പിക്കുന്നതിൽ വന്ന കാലതാമസം, കരാർ വെച്ച പ്രവൃത്തികൾ കരാറുകാർ ഏറ്റെടുക്കുന്നതിൽ കാണിച്ച വിമുഖത എന്നിവ പദ്ധതികളുടെ നിർവ്വഹണത്തിന് തടസ്സമായെന്ന് ഫയൽ പരിശോധനയിൽ നിന്ന് വ്യക്തമാകുന്നു . സ്പിൽഓവർ പദ്ധതികൾക്കുള്ള തുക

സർക്കാരിൽ നിന്നും ലഭ്യമാകണമെങ്കിൽ 2018-19 വർഷത്തെ വികസനഫണ്ട് 100% ചെലവഴിക്കേണ്ടതുണ്ട്. അത് ഉണ്ടായിട്ടില്ല. 2019-20 സാമ്പത്തിക വർഷത്തിലും ഇതേ രീതിയിൽ നഷ്ടമുണ്ടാകുന്നതാണ്. 2019-20 ലെ പ്രവർത്തികൾക്ക് ഓഡിറ്റ് തിയ്യതിവരെയും സാങ്കേതികാനുമതി ലഭിച്ചിട്ടില്ല. മരാമത്ത് പ്രവർത്തികൾ നടപ്പാക്കുന്നതിന് അനുയോജ്യമായ കാലാവസ്ഥയായിട്ടും പദ്ധതികൾ നടപ്പാലാക്കുന്നതിന് പഞ്ചായത്ത് സജ്ജമാകാത്തത് വികസന സ്റ്റാന്റിങ്ങ് കമ്മറ്റിയുടെ വീഴ്ചയായി ഓഡിറ്റ് കാണുന്നു. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ക്രിയാത്മകമായ ചർച്ചകളും, ആസൂത്രണവും വർക്കിംഗ് ഗ്രൂപ്പിന്റെ ഭാഗത്തുനിന്നുണ്ടായിട്ടില്ല. പ്രവൃത്തികളുടെ മോണിട്ടറിംഗ് മരാമത്ത് വർക്കിംഗ് ഗ്രൂപ്പ് യഥാസമയം നടത്തിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ലഭ്യമായ ഫണ്ടുകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിനായി, സാമ്പത്തിക വർഷം അവസാനിക്കുന്നതിനു മുമ്പ് മരാമത്തു പ്രവൃത്തികളുടെ വിവിധ ഘട്ടങ്ങൾ പൂർത്തീകരിക്കുന്ന വിധം പദ്ധതി നിർവ്വണ കലണ്ടർ തയ്യാറാക്കേണ്ടതും ആയതിനനുസരിച്ച് പ്രവൃത്തി പൂർത്തീകരിക്കുന്നുണ്ടെന്ന് വർക്കിംഗ് ഗ്രൂപ്പും സ്റ്റാൻഡിംഗ് കമ്മിറ്റിയും ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-19 സംയുക്ത പ്രൊജക്ടുകൾ നടപ്പിലാക്കുന്നതിലെ അപാകതകൾ

2018-19 വർഷത്തിൽ പഞ്ചായത്തിലെ വാർഷിക കണക്ക് ബി4 സ്റ്റേറ്റ്മെന്റ് പ്രകാരം താഴെ പറയുന്ന ഹെഡുകളിൽ സംയുക്ത പ്രൊജക്ടുകളുടെ നടത്തിപ്പിനായി മറ്റു തദ്ദേശ സ്ഥാപനങ്ങളിൽ നിന്ന് ലഭിച്ചിട്ടുള്ള തുകകളുടെ .വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഹെഡ് ഓഫ് അക്കൗണ്ട് | മുൻബാക്കി | വരവ് | ചെലവ് | നീക്കിയിരിപ്പ് | റിമാർക്ക്സ് |
|---|---|---|---|---|---|
| 320700204 (ബ്ലോക്ക് വിഹിതം) | 978500 | 4329753 | 2584402 | 2723851 | വിനിയോഗിക്കാത്ത വികസന ഫണ്ട് തുകകൾ ബാങ്ക് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു |
| 320700205 (ജില്ലാപഞ്ചായത്ത് വിഹിതം) | 23125 | 1789605 | 1716846 | 95884 | |
| ആകെ | 1001625 | 6119358 | 4301248 | 2819735 | |

സംയുക്ത പ്രൊജക്ടുകളുടെ നടത്തിപ്പിനായി മറ്റ് തദ്ദേശ സ്ഥാപനങ്ങളിൽ നിന്ന് ലഭിയ്ക്കുന്ന തുകകൾ വിനിയോഗിക്കുന്നതിൽ ജി.ഓ.(പി)നം.7/2017/ ധനം/23.01.17 ഉത്തരവ് പ്രകാരമുള്ള മാർഗ്ഗ രേഖയിലെ നിർദ്ദേശങ്ങൾ പാലിയ്ക്കുന്നില്ല. പഞ്ചായത്തിലെ സംയുക്ത പ്രൊജക്ടുകളുടെ നടത്തിപ്പ് സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. മേൽ ഉത്തരവിലെ നിർദ്ദേശ പ്രകാരം സാമ്പത്തിക വർഷത്തിൽ സംയുക്ത പ്രൊജക്ടുകൾക്കായി ലഭിച്ചിട്ട് വിനിയോഗിക്കാത്ത തുക ഫെബ്രുവരി 28 ന മുമ്പ് ഫണ്ട് നൽകിയ തദ്ദേശസ്ഥാപനത്തിന് തിരിച്ചു നൽകേണ്ടതാണ്. കൂടാതെ മാർച്ച് 31 നിർവ്വഹണ സ്ഥാപനത്തിലെ സെക്രട്ടറി STSB അക്കൗണ്ടിൽ നീക്കിയിരിപ്പുള്ള തുക റിക്കൺസിലിയേഷൻ ചെയ്ത് നൽകിയ ചെക്കുകൾ കളക്ട് ചെയ്യുന്നിനുള്ള തുക മാറ്റി വച്ച ശേഷം ചെലവഴിയ്ക്കാത്ത തുക ഗവൺമെന്റിലേയ്ക്ക് അടയ്ക്കേണ്ടതാണ്. ഈ നിബന്ധനകൾ പഞ്ചായത്ത് പാലിയ്ക്കുന്നില്ല.

2. 01.4.18 ന് മുൻബാക്കിയായി സംയുക്ത പ്രൊജക്ടുകൾക്കായി മുൻ വർഷങ്ങളിൽ ലഭിച്ചിട്ട് ചെലവഴിക്കാതെ സൂക്ഷിച്ചിട്ടുള്ള 1001625 രൂപ എത് പദ്ധതിക്കൾക്കാണ് ലഭിച്ചിട്ടുള്ളത് എന്നതിന്റെ വിശദാംശങ്ങൾ എ.സി.ആറിൽ രേഖപ്പെടുത്തിയിട്ടില്ല.

3. സംയുക്ത പ്രോജക്ടുകൾക്കായി ഫണ്ടു നൽകിയ തദ്ദേശസ്ഥാപനം തൻ വർഷങ്ങളിൽ ചെലവായിക്കാണിച്ചിട്ടുള്ള തുകകൾ ചെലവഴിയ്ക്കാതെ ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കുന്നത് ജി.ഓ.(പി)നം119/2015/ധനം/21.03.15 ഉത്തരവിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്.28,19,735 രൂപ വികസന ഫണ്ട് ഇത്തരത്തിൽ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുണ്ട്.

4. ജി.ഒ(പി)11/18/തസ്വഭവ/20.01.2018 പ്രകാരമുള്ള പദ്ധതി രൂപീകരണ മാർഗ്ഗരേഖ പ്രകാരം സംയുക്ത പ്രൊജക്ടുകൾക്കായി തുക കൈമാറുന്ന തദ്ദേശസ്ഥാപനങ്ങൾ പദ്ധതി നടത്തിപ്പ് സംബന്ധിച്ച് കരാറിലേർപ്പെടണമെന്ന

നിർദ്ദേശവും പാലിച്ചിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. സംയുക്ത പ്രൊജക്ടുകൾക്കായി കൈമാറുന്ന പദ്ധതി തുക യഥാസമയം വിനിയോഗിക്കുന്നതിനും അല്ലാത്ത പക്ഷം സർക്കാർ മാർഗ്ഗ നിർദ്ദേശ പ്രകാരം തിരികെ ഒടുക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-20 ഗ്രാമ പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് പ്രവർത്തനം ആരംഭിച്ചിട്ടില്ല

ഗ്രാമപഞ്ചായത്ത് കെ.യു.ആർ.ഡി.എഫ്.സിയുമായി 15.12.2014 ൽ ഒരു വായ്പാ കരാറിലേർപ്പെടുകയും പഞ്ചായത്ത് ഷേപ്പിങ്ങ് കോംപ്ലക്സിന്റെ നിർമ്മണത്തിനായി KURDFC/GP/164/2014/30.07.2014 ഉത്തരവു പ്രകാരം വായ്പ അനുവദിച്ചിട്ടുണ്ട്. ഈ ആവശ്യത്തിനായി താഴെ കാണിച്ച പ്രകാരം 3.96 കോടി രൂപ വായ്പ എടുത്തിട്ടുണ്ട്.

| തിയ്യതി | തുക |
|---|---|
| 09.05.2016 | 2072600 |
| 17.03.2017 | 18145000 |
| 22.01.2018 | 4271850 |
| 11.10.2018 | 5069802 |
| 28.12.2018 | 1146625 |
| 21.05.2019 | 8689869 |
| 12.07.2019 | 268400 |
| ആകെ | 39664146 |

അക്രഡിറ്റഡ് ഏജൻസിയായ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയാണ് നിർമ്മാണ പ്രവർത്തനം നടത്തുന്നത്. സാങ്കതികാനുമതി അനുവദിച്ചുകൊണ്ടുള്ള ചീഫ് എഞ്ചിനീയറുടെ കത്തിൽ സാങ്കതികാനുമതി നൽകിയ തീയതി മുതൽ (04.06.2014) 18 മാസമാണ് പ്രവൃത്തി പൂർത്തിയാക്കുന്നതിനുള്ള കാലാവധി. വായ്പ അനുവദിച്ച കൊണ്ടുള്ള കെ.യു.ആർ.ഡി. എഫ്.സിയുടെ 30.07.2014 ലെ കത്തിൽ സൂചിപ്പിച്ച വ്യവസ്ഥകളിൽ കെട്ടിട നിർമ്മാണത്തിന്റെ പൂർത്തീകരണ തീയതി ആഗസ്റ്റ് 2015 ആണ് കാണിച്ചിരിക്കുന്നത്. ഗ്രാമപഞ്ചായത്തും ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയുമായുള്ള കരാറിലെ (നം, 1/15-16 തീയതി 22.07.2015) 12ാമത്തെ വ്യവസ്ഥ പ്രകാരം പ്രവൃത്തി പൂർത്തിയാക്കേണ്ട കാലാവധി കരാർ തീയതി മുതൽ 24 മാസമാണ്. ചുരുക്കത്തിൽ കെട്ടിട നിർമ്മാണത്തിന്റെ പൂർത്തീകരണം ഒരു കാരണവശാലും ജൂലൈ- 2017 കഴിയാൻ പാടില്ലായിരുന്നു. 29.06.17 ൽ യു.എൽ.സി.സി. ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്കയച്ച കത്തിൽ പൂർത്തീകരണ കാലാവധി 31.05.2018 വരെ നീട്ടി നൽകുവാൻ അപേക്ഷിച്ചതിന്റെ അടിസ്ഥാനത്തിൽ ഭരണസമിതിയുടെ 26.08.17 ലെ 4ാം നമ്പർ തീരുമാന പ്രകാരം കാലാവധി പ്രസ്തുത തീയതി വരെ ദീർഘിപ്പിച്ചു. പിന്നീട് 31.07.2019 വരെ കാലാവധി നീട്ടി നൽകിയിട്ടുണ്ട് എങ്കിലും ഓഡിറ്റ് സമയത്തും പ്രവർത്തി പൂർത്തീകരിച്ച് ഫൈനൽ ബില്ല് നൽകിയിട്ടില്ല.

ഷോപ്പിങ്ങ് കോംപ്ലക്സ് പ്രവൃത്തിയ്ക്കായി അസിസ്റ്റന്റ് എഞ്ചിനീയർ വഴി നാളിതുവരെ നടപ്പിലാക്കിയിട്ടുള്ള പ്രവർത്തി ചെലവുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്ട് നമ്പർ | വർഷം | തനത് ഫണ്ട് | ലോൺ | ആകെ |
|---|---|---|---|---|
| 226 | 2013-14 | 282500 | | 282500 |
| 205 | 2014-15 | 50000 | | 50000 |
| | 2015-16 | 0 | | |
| 15 | 2016-17 | 2555469 | 20217600 | 22773069 |
| | 2017-18 | 0 | | 0 |
| 137 | 2018-19 | | 5069802 | 5069802 |
| 128 | 2019-20 | | 9835563 | 9835563 |
| | | 2887969 | 35122965 | 38010934 |

നിർമ്മാണം പൂർത്തിയായി വരുന്ന പഞ്ചായത്ത് വക ഷോപ്പിംഗ് കോംപ്ലക്സിലെ 25 മുറികൾ ഉപയോഗിക്കുന്നതിനുള്ള അവകാശം ലേലം ചെയ്ത് നൽകി ലേല നിബന്ധനയുടെ 8ാമത് ഖണ്ഡിക പ്രകാരം ഡപ്പോസിറ്റ് തുക സമാഹരിച്ചാണ് പ്രവർത്തിയാക്കാവശ്യമായ തനത് ഫണ്ട് കണ്ടെത്തിയത്. പ്രവർത്തി പൂർത്തിയാക്കി ലേലക്കാർക്ക് മുറികൾ കൈമാറാതിരിക്കുന്നത് പഞ്ചായത്തിന് സാമ്പത്തിക ബാധ്യത വരുത്തിത്തീർക്കും.

പൂർത്തീകരണത്തിന്റെ അവസാനഘട്ടത്തിലെത്തിയ, വായ്പയെടുത്ത് പണിനടത്തിയിട്ടുള്ള ഷോപ്പിങ്ങ് കോംപ്ലക്സ് ഉടനെ പ്രവർത്തന സജ്ജമാക്കിയില്ലെങ്കിൽ വായ്പാ തുക തിരിച്ചടവ് പഞ്ചായത്തിന് ബാധ്യതയാകും.

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-21 സ്പിൽഓവർ ഓവർ പ്രോജക്ടുകൾ - സ്പിൽ ഓവർ ആയ അതേ വർഷം നിർമ്മാണം പൂർത്തിയാക്കിയില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 വർഷം നടപ്പിലാക്കിയ താഴെ പറയുന്ന സ്പിൽഓവർ പ്രോജക്ടുകൾ അതേ വർഷം തന്നെ പൂർത്തിയാക്കിയില്ല.

| ക്രമ നം | പ്രോജക്ട് നം, പ്രോജക്ടിന്റെ പേര് | ഫണ്ടിനം | അടങ്കൽ |
|---|---|---|---|
| 1. | 150/19, മുഴാപ്പാലംസങ്കേതം റോഡ് | സംരക്ഷണ ഗ്രാന്റ് (റോഡ്) | 4,00,000 |
| 2. | 163/19 എടക്കുനി കുടിവെള്ള പദ്ധതി | ധനകാര്യ കമ്മീഷൻ അവാർഡ്-100000<br>ബ്ലോക്ക് പഞ്ചായത്ത്-500000<br>ഗ്ര. വിഹിതം-60000 | 6,60,000 |
| | | | |

| | | | |
|---|---|---|---|
| 3. | 168/19, മണക്കാട് മണ്ണത്താംക ണ്ടി കായലം റോഡ് | സംരക്ഷണ ഗ്രാന്റ് (റോഡ്) | 4,00,000 |
| 4. | 172/19മണക്കാട് മണ്ണത്താംകണ്ടി കായലം റോഡ് റീച്ച്-2 | സംരക്ഷണ ഗ്രാന്റ് (റോഡ്) | 2,00,000 |
| 5. | 175/19, ചെറൂപ്പമിനിസ്റ്റേഡിയത്തിന് ഗേറ്റ് കമാനം നിർമ്മാണം | തനത് ഫണ്ട് | 1,50,000 |

പദ്ധതി മാർഗ്ഗരേഖ [ജി.ഒ (എം.എസ്) നം.11/2018/തസ്വഭവ തീയതി 29.01.2018] പ്രകാരം സ്പിൽഓവർ ഓവർ പ്രോജക്ടുകൾ സ്പിൽഓവർ ആയ അതേ വർഷം തന്നെ നിർബന്ധമായും നിർമ്മാണം പൂർത്തിയാക്കേണ്ടതാണെന്ന് നിഷ്കർഷിക്കുന്നുണ്ട്. മേൽ പട്ടികയിലെ ലെ സ്പിൽഓവർ പ്രവൃത്തികൾക്ക് വകയിരുത്തിയതിൽ നിന്ന് യാതൊരു തുകയും തൻവർഷം ചെലവഴിച്ചില്ല. തൻ വർഷം നടന്ന പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ ഇതു സംബന്ധിച്ച ചർച്ചകളും നടന്നില്ല. . മാർഗ്ഗരേഖയിലെ നിബന്ധനകൾ പാലിക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതും മേൽ സൂചിപ്പിച്ച ഏതെങ്കിലും പദ്ധതികൾ ഉപേക്ഷിച്ചെങ്കിൽ ആയതിന്റെ കാരണവും വ്യക്തമാക്കേണ്ടതാണ് . വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-22 ലാപ്ടോപ്പ് വിതരണം -- സബ്സിഡി മാർഗ്ഗരേഖാ നിർദ്ദേശങ്ങൾ പാലിച്ചില്ല

പ്രൊജക്ടിന്റെ പേര് -- പ്രൊഫഷണൽ കോഴ്സിനു പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്

പ്രൊജക്ടിന്റെ നമ്പർ -- 61/2019

വകയിരുത്തിയ തുക /ചെലവ് തുക

എസ്.സി.പി -3,00,000 Bill no.20/18-19 293441/- 24.1.19

അസി.സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ മേൽ പദ്ധതി പ്രകാരം പഞ്ചായത്തിൽ താമസക്കാരായ പ്രൊഫഷണൽ കോഴ്സിനു പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ് നൽകുകയാണ് ലക്ഷ്യം.

ആയതുപ്രകാരം ഇ- ടെണ്ടർ വഴി ബിസ്സയർ പവർ സൊല്യൂഷൻസിൽ നിന്നും ഒരു ലാപ്ടോപ്പിന് 29850/-രൂപപ്രകാരം 10ലാപ്ടോപ്പുകൾ വാങ്ങി.(Invoice no:BIZ/C/074 dtd. 7.01.19)

14.02.2018ലെ സർക്കാർ ഉത്തരവ് (കൈ)22/2018 നമ്പർസബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7.2.8 പ്രകാരം ബിരുദം, ബിരുദാനന്തരബിരുദം, പോളിടെക്നിക്(ഡിപ്ളോമ), എഞ്ചിനീയറിംഗ്, മെഡിക്കൽ, കമ്പ്യൂട്ടർ സയൻസ് (ഡിപ്ളോമ,ബിരുദം,ബിരുദാനന്തരബിരുദം) ചാർട്ടേഡ് എക്കൗണ്ടന്റ് ആർട്ടിക്കിൾഷിപ്പ് എന്നീ കോഴ്സുകൾക്ക് സർക്കാർ, എയിഡഡ്, സ്വാശ്രയസ്ഥാപനങ്ങളിലോ, സർവ്വകലാശാലാ അഫിലിയേഷൻ ഉള്ള സ്ഥാപനങ്ങളിലോ പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാര്ത്ഥികൾക്ക് സ്ഥാപനമേധാവിയുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ 30,000/- രൂപയിൽ അധികരിക്കാത്ത വിലയുള്ള ലാപ്ടോപ്പ് വാങ്ങി നൽകാവുന്നതാണ്.

എന്നാൽ സബ്സിഡി മാർഗ്ഗരേഖപ്രകാരം അനുവദനീയമല്ലാത്ത ഡി/സിവിൽട്രേഡ് കോഴ്സിന് (ഗവ.ഐ.ടി.ഐ,എലത്തൂർ) പഠിക്കുന്ന അശ്വിൻ.കെ S/o സുബ്രഹ്മണ്യൻ,കോട്ടക്കുന്നുമ്മൽ, അട്ടവാട് എന്ന വിദ്യാർത്ഥിക്ക് ലാപ്ടോപ്പ് നൽകിയതായി കാണുന്നു. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. സബ്സിഡി മാർഗ്ഗരേഖയിൽ ആനുകൂല്യം അനുവദിക്കാമെന്ന് വ്യക്തമാക്കാത്ത മേൽ കോഴ്സിൽ പഠിക്കുന്നവർക്ക് ആനുകൂല്യം നൽകിയത് അംഗീകരിക്കാവുന്നതല്ല.

അർഹതയില്ലാത്തവർക്ക് ലാപ്ടോപ് നൽകിയ വകയിൽ ചെലവായ 29850/- രൂപ ഉത്തരവാദിയായ അസി.സെക്രട്ടറിയിൽനിന്നും ഈടാക്കി വികസന ഫണ്ടിൽ അടവാക്കേണ്ടതും ഭാവിയിൽ സർക്കാർ നിർദ്ദേശങ്ങൾക്കനുസരിച്ച് അർഹതയുള്ളവർക്കുമാത്രമായി ആനുകൂല്യങ്ങൾ പരിമിതപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-23 എസ്.സി വിവാഹ ധനസഹായം-അപാകതകൾ

പ്രൊജക്ടിന്റെ പേര് – എസ്.സി വിവാഹ ധനസഹായം

പ്രൊജക്ടിന്റെ നമ്പർ - 53/2019

നിർവ്വഹണോദ്യോഗസ്ഥൻ - അസി.സെക്രട്ടറി

<u>വകയിരുത്തിയ തുക</u> /<u>ചെലവ് തുക</u>

എസ്.സി.പി -9,75,000/- Bill no.5/18-19 തി.14.06.18 300000/-

Bill no.6/18-19 തി.20.06.18 225000/-

Bill no.7/18-19 തി.28.07.18 225000/-

Bill no.9/18-19 തി.30.07.18 75000/-

Bill no.12/18-19 തി.7.11.18 150000/-

പട്ടികജാതി/പട്ടികവർഗ്ഗപെൺകുട്ടികളുടെ വിവാഹത്തിന് ധനസഹായം നൽകുന്ന പദ്ധതിപ്രകാരം വിവാഹത്തിന് 15 ദിവസം മുമ്പോ വിവാഹം കഴിഞ്ഞ് 90 ദിവസത്തിനകമോ അപേക്ഷിക്കുന്നവർക്ക് 75000 രൂപ നിരക്കിൽ മറ്റു നിബന്ധനകൾക്ക് വിധേയമായി ധനസഹായം നൽകാവുന്നതാണ്. എന്നാൽ താഴെ കാണിച്ചവർ വിവാഹതീയതിക്കുശേഷം 90 ദിവസം കഴിഞ്ഞ് അപേക്ഷ നൽകിയിട്ടും ആനുകൂല്യം നൽകിയതായി കാണുന്നു.

| ക്രമ നം. | പേര് | വിവാഹതീയതി | അപേക്ഷ തീയതി | നൽകിയ തുക |
|---|---|---|---|---|
| 1 | ഷൈജകുമാരി.കെ,D/o ലീല<br>കോട്ടക്കുന്നുമ്മൽ,അട്ടവാട് | 08.07.2018 | 12.10.2018 | 75000/-(ബിൽ-12) |
| 2 | ദിവിഷ.കെ.ടി,D/o വിലാസിനി<br>കീണംപറമ്പത്ത് മീത്തൽ,ചെറൂപ്പ | 04.02.2018 | 24.05.2018 | 75000/-(ബിൽ-5) |

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

സർക്കാർ നിർദ്ദേശം പാലിക്കാതെ ആനുകൂല്യം നൽകിയത് ഓഡിറ്റ് അംഗീകരിക്കുന്നില്ല. ചെലവുതുക തടസ്സത്തിൽ വെക്കുന്നു.

## 1-24 ആശ്രയപദ്ധതി-കുടുംബശ്രീക്ക് കൈമാറിയ വികസനഫണ്ട് ചെലവഴിച്ചില്ല

പ്രൊജക്ടിന്റെ പേര് - ആശ്രയപദ്ധതി

പ്രൊജക്ടിന്റെ നമ്പർ - 183/2019

നിർവ്വഹണോദ്യോഗസ്ഥൻ -അസി.സെക്രട്ടറി

<u>വകയിരുത്തിയ തുക</u> /<u>ചെലവ് തുക</u>

വികസനഫണ്ട്.ജനറൽ -9,75,000/- Bill no.16/18-19 തി.1.01.19 292000/-

ആശ്രയ ഗുണഭോക്താക്കൾക്ക് ആനുകൂല്യങ്ങൾ നൽകുന്നതിനായി മേൽ പദ്ധതി പ്രകാരം 292000/-രൂപ കുടുംബശ്രീ സി.ഡി.എസ് എക്കൗണ്ടിലേക്ക് (കെ.ഡി.സി.ബേങ്ക് എക്കൗണ്ട് നം.100051201020014) അസി.സെക്രട്ടറി ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് നൽകിയിരുന്നു. അതിൽ 229541/-രൂപ വീട് റിപ്പയർ, കിണർനിർമ്മാണം എന്നിവക്കായി ചെലവഴിച്ചു. ബാക്കി തുക 62459/- രൂപ ഇപ്പോഴും ചെലവഴിക്കാതെ സി.ഡി.എസ് എക്കൗണ്ടിൽ അവശേഷിക്കുന്നുണ്ട്. ചെലവഴിക്കാതെ അവശേഷിക്കുന്ന തുക കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് അടവാക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വാല്യുവേഷൻ

സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ആവശ്യാനുസരണം ഫണ്ട് കൈമാറുന്നതിനുപകരം വകയിരുത്തിയ തുക ഒന്നിച്ച് കുടുംബശ്രീക്ക് നൽകിയതാണ് ഇതിനു കാരണം. ചെലവഴിക്കാതെ അവശേഷിക്കുന്ന തുക കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-25 കന്നുകുട്ടി പരിപാലന പദ്ധതി(വനിത) ലക്ഷ്യം കൈവരിച്ചില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - വെറ്ററിനറി സർജൻ

പദ്ധതി - എസ്.ഒ.25/19

ചെലവ് - 475000 (വികസന ഫണ്ട് )

ബിൽ നമ്പർ,തിയ്യതി - 1/ 2018-19/16.11.18-112500

- 12/2018-19/19.02.19-362500

മൃഗസംരക്ഷണ വകുപ്പ് വഴി നടപ്പാക്കുന്ന പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയുടെ നടത്തിപ്പിനായി 18 ഗുണഭോക്താക്കൾക്ക് 6250 രൂപ വീതം 112500 രൂപയും, 29 ഗുണഭോക്താക്കൾക്ക് സ്റ്റേറ്റ് വിഹിതം ഉൾപ്പെടെ 12500 രൂപ വീതം 362500 രൂപയും ആകെ 475000 രൂപ മൃഗ സംരക്ഷണ വകുപ്പിന് അനുവദിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് തുക വിനിയോഗിച്ച് പദ്ധതി നടപ്പാക്കിയതിന്റെ വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് 05.10.19 ന് ലഭ്യമാക്കിയ മറുപടിയിൽ പദ്ധതി നടന്നു കൊണ്ടിരിക്കുകയാണെന്നും പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുമെന്നും അറിയിച്ചിട്ടുണ്ട്. 475000 രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

## 1-26 ഹരിതകേരളം മിഷൻ പ്രവർത്തനങ്ങൾ

നവകേരളം കർമ്മ പദ്ധതിയുടെ ഭാഗമായി നടപ്പാക്കുന്ന ഹരിതകേരളം മിഷന്റെ പ്രധാന ലക്ഷ്യങ്ങൾ ഭക്ഷ്യവസ്തുക്കളുടെ ഉത്പാദനം വർദ്ധിപ്പിക്കുകയും വൃത്തിയും ജലസമൃദ്ധിയും വീണ്ടെടുക്കുകയുമാണ്. ശുചിത്വ മാലിന്യ സംസ്കരണം, ജലസംരക്ഷണം, കൃഷിവികസനം എന്നിങ്ങനെ മൂന്ന് ഉപദൗത്യങ്ങളാണ് ഹരിതകേരള മിഷനുള്ളത്.

**<u>ശുചിത്വ മാലിന്യ സംസ്കരണം</u>**

ശുചിത്വ മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി മാമ്പൂവ് ശുചിത്വഗ്രാമം പദ്ധതി പഞ്ചായത്ത് നടപ്പിലാക്കി.ജനങ്ങൾക്ക് ബോധവൽക്കരണം നൽകുകയും പ്രചാരണപരിപാടികൾ സംഘടിപ്പിക്കുകയുമുണ്ടായി.വീടുകളിൽനിന്നും കടകളിൽനിന്നും അജൈവമാലിന്യങ്ങൾ ശേഖരിച്ച് നിറവിന്റെ സഹായത്തോടെ സംസ്കരണശാലകളിലെത്തിച്ചു.പൊതുസ്ഥലങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നതിനായി ബോക്സുകൾ സ്ഥാപിക്കുകയും വീടുകളിൽ റിംഗ് കമ്പോസ്റ്റുകൾ നൽകുകയുമുണ്ടായി. വിദ്യാലയങ്ങളിൽ ഹരിതപ്രോട്ടോകോൾ നടപ്പിലാക്കുന്നതിനും പ്ളാസ്റ്റിക്കിന്റെ ഉപയോഗം കുറക്കുന്നതിനായി പഞ്ചായത്തിലൊട്ടാകെ ഒരു ദിവസം പ്ളാസ്റ്റിക്ക് ഹർത്താൽ ആചരിക്കുകയും ചെയ്തു.ഹരിതകർമ്മസേനാംഗങ്ങൾക്ക് പരിശീലനം നൽകി അജൈവമാലിന്യങ്ങൾ ശേഖരിച്ചുവരുന്നു.18 വാർഡുകളിലായി 31കർമ്മസേനാംഗങ്ങൾ പ്രവർത്തിച്ചുവരുന്നു.മിനി എം.ആർ.എഫ്.യൂണിറ്റും പ്രവർത്തിക്കുന്നുണ്ട്.ശുചിത്വ മാലിന്യ സംസ്കരണരംഗത്ത് പഞ്ചായത്ത് മികച്ച പ്രവർത്തനം കാഴ്ചവെക്കുന്നു.

**<u>ജലസംരക്ഷണം</u>**

ജലസംരക്ഷണത്തിന്റെ ഭാഗമായി മണ്ണ്, കയ്യാല, കോണ്ടൂർബണ്ട് എന്നിവ നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ തൊഴിലുറപ്പ് പദ്ധതി വഴി നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ നിലവിലുള്ള ജലസ്രോതസ്സുകൾ സംരക്ഷിച്ച് ശുദ്ധീകരിക്കുന്നതിനും നവീകരിക്കുന്നതിനും വേണ്ട പ്രവർത്തനങ്ങൾ നടത്തിയതായി കാണുന്നില്ല.

**<u>കൃഷിവികസനം</u>**

മാലിന്യസംസ്കരണത്തിൽനിന്നും ലഭിക്കുന്ന കമ്പോസ്റ്റിന്റെ സാധ്യത പരമാവധി പ്രയോജനപ്പെടുത്തി ജൈവമാലിന്യകൃഷി വ്യാപിപ്പിക്കുന്നതിനു വേണ്ട പദ്ധതി തയ്യാറാക്കി നടപ്പിലാക്കുകയാണ് പ്രധാന പ്രവർത്തനം.

എന്നാൽ മാലിന്യസംസ്കരണത്തിൽ മെച്ചപ്പെട്ട പ്രവർത്തനങ്ങൾ നടത്തിയെങ്കിലും കമ്പോസ്റ്റിന്റെ സാധ്യത കാർഷിക പദ്ധതികൾക്ക് ഉപയോഗപ്പെടുത്താനായിട്ടില്ല. ജൈവവളങ്ങൾ വാങ്ങി നൽകുന്ന പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളത്. ഭക്ഷ്യവസ്തുക്കളുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി വളങ്ങളും വിത്തുകളുംതൈകളും വിതരണം നടത്തിയിട്ടുണ്ട്. നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി നെൽവിത്ത്, കുമ്മായം,വളം എന്നിവയും കൂലിചെലവും നൽകുകയുണ്ടായെങ്കിലും നെൽകൃഷിയുടെ വിസ്തൃതി വർദ്ധിപ്പിക്കാനായിട്ടില്ല. പദ്ധതിരൂപീകരണ മാർഗ്ഗരേഖ പ്രകാരം കാർഷിക മേഖലയിലെ പദ്ധതികൾ തൊഴിലുറപ്പ് പദ്ധതിയുമായി യോജിച്ച് നടപ്പാക്കേണ്ടതാണ്. എന്നാൽ അത്തരം പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല. തരിശുഭൂമി കൃഷിക്ക്ഉപയോഗപ്പെടുത്താനായിട്ടില്ല.

ജൈവകൃഷിയും ജൈവവളങ്ങളുടെയും ജൈവകീടനാശിനികളുടെയും ഉത്പാദനവും ഉപയോഗവും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന പ്രൊജക്ടുകൾക്ക് പരിഗണന നൽകിയതായി കാണുന്നില്ല. വിത്തുകൾ,തൈകൾ,വളങ്ങൾ എന്നിവ വിതരണം ചെയ്യുന്ന സാധാരണ പദ്ധതികളാണ് ഇപ്പോഴും നടപ്പാക്കിവരുന്നത്.പ്രൊജക്ടുകൾക്ക് സംയോജിത നീർത്തട പരിപാലന സമീപനം ഉണ്ടായിട്ടില്ല.

2018-19ലെ സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം 40 ഹെക്ടർ കൃഷിക്കനുയോജ്യമായ തരിശുഭൂമി പഞ്ചായത്തിലുണ്ടായിട്ടും പ്രസ്തുത ഭൂമിയിൽ യാതൊരു പ്രവർത്തനവും നടത്തിയിട്ടില്ല. ഹരിതകേരള മിഷന്റെ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിനാവശ്യമായ പ്രൊജക്ടുകൾ ഏറ്റെടുത്ത് നടപ്പാക്കാൻ വർക്കിംഗ് ഗ്രൂപ്പ്,സ്റ്റാന്റിംഗ് കമ്മറ്റികൾ എന്നിവർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

# 1-27 സമ്പൂർണ്ണപാർപ്പിടം-ലൈഫ് മിഷൻ

അഞ്ച് വർഷത്തിനുള്ളിൽ കേരളത്തിലെ എല്ലാ ഭവന രഹിതർക്കും പാർപ്പിട സൗകര്യം ഒരുക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഭൂമിയുള്ള ഭവനരഹിതർ, ഭൂമി ഇല്ലാത്ത ഭവനരഹിതർ, ഭവന നിർമ്മാണം പൂർത്തിയാക്കാത്തവർ, വാസയോഗ്യമല്ലാത്ത ഭവനം ഉള്ളവർ, പുറംമ്പോക്കിലെ തീരദേശ മേഖലയിലോ തോട്ടം മേഖലയിലോ താൽക്കാലിക ഭവനമുള്ളവർ എന്നിവരാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. വിവിധ സർക്കാർ ഏജൻസികൾ നടപ്പിലാക്കികൊണ്ടിരിക്കുന്ന ഭവന പദ്ധതികൾ സംയോജിപ്പിച്ചുകൊണ്ടാണ് ലൈഫ് മിഷൻ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

മറ്റു ഭവന നിർമ്മാണ പദ്ധതികൾ ഭവനങ്ങൾ നിർമ്മിക്കുന്നതിന് മാത്രം ലക്ഷ്യം വെക്കുമ്പോൾ ലൈഫ് മിഷൻ, ഗുണഭോക്താക്കൾക്ക് സ്വന്തമായി ഉപജീവനം നിർവ്വഹിക്കുന്നതിനും സാമൂഹിക ഇടപെടലുകളുടെ ഭാഗമാകുന്നതിനും ക്ഷേമപദ്ധതികളുടെ പ്രയോജനം ലഭ്യമാകുന്നതിനും ഉതകുന്ന തരത്തിലാണ് വിഭാവനം ചെയ്തിരിക്കുന്നത്.

ലൈഫ് മിഷൻ പദ്ധതി ഒന്നാംഘട്ടത്തിൽ 31 ഉം രണ്ടാംഘട്ടത്തിൽ 44 ഉം ഗുണഭോക്താക്കളായിരുന്നു ഉണ്ടായിരുന്നത്. ഇതിൽ ഒന്നാംഘട്ടത്തിലെ 29 പേരും രണ്ടാംഘട്ടത്തിലെ 18 പേരും മാത്രമാണ് പണി പൂർത്തീകരിച്ചിട്ടുള്ളത്. ഒന്നാംഘട്ടത്തിലെ രണ്ടുപേരുടെ ഭവനനിർമ്മാണം തടസ്സപ്പെട്ടിരിക്കുകയാണ്. രണ്ടാംഘട്ടത്തിലെ ബാക്കിയുള്ളവരുടെ നിർമ്മാണപ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. ഭൂമിയുള്ള ഭവനരഹിതർ, ഭവന നിർമ്മാണം പൂർത്തിയാക്കാത്തവർ, വാസയോഗ്യമല്ലാത്ത ഭവനം ഉള്ളവർ,എന്നീവിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്കുമാത്രമേ പദ്ധതികൊണ്ട് പ്രയോജനം ലഭിച്ചിട്ടുള്ളൂ. ഭൂരഹിതരായ ഭവനരഹിതരെയും പുറംമ്പോക്കിൽ താമസിക്കുന്നവരെയും പരിഗണിച്ചിട്ടില്ല. മാത്രമല്ല പദ്ധതിയുടെ മറ്റ് ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനും പ്രൊജക്ടുകൾ ആസൂത്രണം ചെയ്യേണ്ടതായിട്ടുണ്ട്.

# 1-28 ഹോമിയോ മരുന്ന് ലഭിക്കുന്നതിന് കാലതാമസം

പ്രോജക്റ്റിന്റെ പേര് – ഹോമിയോ ആശുപത്രിയിലേക്ക് മരുന്നും മറ്റ് അനുബന്ധ സാധനങ്ങളും വാങ്ങൽ

പ്രോജക്റ്റ് നമ്പർ – എസ്.ഒ.023/19

അടങ്കൽ തുക – 2,00,000/- (മെയിന്റനൻസ് ഫണ്ട് റോഡിതരം)

ചെലവ് തുക – 2,00,000/-(ബിൽ നം.01/2018-19 തിയ്യതി 21.11.18 )

നിർവ്വഹണം – മെഡിക്കൽ ഓഫീസർ ,ഹോമിയോ

മേൽ പ്രോജക്ട് പ്രകാരം മരുന്ന് ലഭ്യമാക്കുന്നതിനായി 21.11.18 ലെ ബിൽ നം.01/2018-19 പ്രകാരം ഹോംകോയ്ക്ക് 2,00,000/- രൂപ കൈമാറിയിട്ടുണ്ട്. എന്നാൽ മരുന്ന് ഇതുവരെ ലഭിച്ചിട്ടില്ല. ഹോംകോയുടെ പ്രൊഡക്ഷൻ യൂണിറ്റിൽ ഉണ്ടായ അപകടം മൂലമാണ് മരുന്നുകളുടെ നിർമ്മാണത്തിൽ താമസം നേരിടുന്നതെന്ന് അറിയിച്ചിട്ടുള്ളതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 30.8.19 ന് മരുന്ന് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് കത്തയച്ചിട്ടുണ്ട്.

പഞ്ചായത്ത് രാജ്/നഗരപാലിക സ്ഥാപനങ്ങളുടെ പതിമൂന്നാം പഞ്ചവത്സരപദ്ധതിയിലെ അവശേഷിക്കുന്ന വാർഷിക പദ്ധതികളുടെ സബ്സിഡി-ധനസഹായം അനുബന്ധ വിഷയങ്ങൾ എന്നിവ സംബന്ധിച്ച മാർഗ്ഗരേഖ 7.5.4 പ്രകാരം ഹോമിയോ മരുന്ന് ലഭ്യമാക്കുന്നതിന് ഹോംകോ യിലും ആയുർവ്വേദ മരുന്ന് ലഭിക്കുന്നതിന് ഔഷധിയിലും പണമടച്ചാൽ മരുന്ന് ലഭിക്കാൻ കാലതാമസമുണ്ടാകുന്നുവെങ്കിൽ അത്യാവശ്യ ഘട്ടങ്ങളിൽ ടെണ്ടർ/ക്വട്ടേഷൻ വിളിച്ച് അതാത് മെഡിക്കൽ ഓഫീസർക്ക് മരുന്ന് പുറമെ നിന്ന് വാങ്ങാവുന്നതാണ്. ഒരു വർഷത്തോളമായിട്ടും മരുന്നുകൾ ലഭ്യമാകാത്ത സാഹചര്യത്തിൽ, നടപ്പു വർഷം മരുന്നിന് സപ്ളൈ ഓർഡർ നൽകുന്നതിനു മുമ്പായി ഹോംകോയിൽ നിന്നുള്ള മരുന്നിന്റെ ലഭ്യത ഉറപ്പുവരുത്തേണ്ടതാണ്.

# 1-29 ആവശ്യകതയ്ക്കനുസരിച്ചുള്ള മരുന്ന് ലഭ്യമായില്ല

പ്രോജക്റ്റിന്റെ പേര് – ആയുർവ്വേദ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ

പ്രോജക്റ്റ് നമ്പർ – എസ്.ഒ.022/19

അടങ്കൽ തുക – 9,00,000/- (മെയിന്റനൻസ് ഫണ്ട് റോഡിതരം)

ചെലവ് തുക – 9,00,000/-

(ബിൽ നം.01/2018-19 തിയ്യതി 25.7.18 2,00,000/-)

(ബിൽ നം.02/2018-19 തിയ്യതി 15.10.18 7,00,000/-)

നിർവ്വഹണം – മെഡിക്കൽ ഓഫീസർ ,ആയുർവ്വേദം

മേൽ പ്രോജക്റ്റിനായി വകയിരുത്തിയ തുകയിൽ 15.10.2018 ലെ ബിൽ നം. 2/2018-19 പ്രകാരം 7,00,000/- രൂപ മരുന്ന് വാങ്ങുന്നതിനായി ഔഷധിക്ക് കൈമാറിയിട്ടുണ്ട്. ഇതിൽ ഇൻഡന്റ് പ്രകാരം ആവശ്യപ്പെട്ട മരുന്നുകളിൽ മണ്ഡൂരവടകം (20*100എണ്ണം), കറുത്തവട്ട് (15*100എണ്ണം), ധന്വന്തരതൈലം(800 ml) എന്നിവ ലഭ്യമായിട്ടില്ല. എന്നാൽ ഇൻഡന്റ് പ്രകാരം ആവശ്യപ്പെടാത്ത മുറിവെണ്ണ (200*360 ml) ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഇൻഡന്റ് പ്രകാരം ആവശ്യപ്പെട്ട മരുന്ന് യഥാസമയം ലഭിക്കാത്തതിനാൽ രോഗികൾക്ക് പ്രസ്തുത മരുന്ന് വിതരണം ചെയ്യാൻ പ്രയാസം നേരിടുന്നു. ഇൻഡന്റ് പ്രകാരം ആവശ്യപ്പെട്ട മരുന്നു ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. മരുന്ന് സ്റ്റോക്കിൽ എടുക്കുമ്പോൾ തന്നെ ഇൻഡന്റ് പ്രകാരം ആവശ്യപ്പെട്ട മരുന്നാണ് ലഭിക്കുന്നതെന്ന് ഉറപ്പു വരുത്തുന്നില്ല. ഇക്കാര്യത്തിൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.19/2018-19 (തിയ്യതി 04.10.2019 ) ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

# 1-30 മത്സ്യമാർക്കററിലെ ഒഴിഞ്ഞ മുറികൾ പുനർലേലം നടത്തിയില്ല

മാവൂർ ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള മത്സ്യ മാർക്കറ്റ് വാടക രജിസ്റ്റർ, ഫയൽ എന്നിവ പരിശോധിച്ചതിൽ നിന്നും പുതിയ മത്സ്യ മാർക്കറ്റിലെ 1,6,7 റൂമുകൾ, 5,6,7,8 സ്റ്റാളുകൾ എന്നിവ 2018-19 വർഷ ഓഡിറ്റ് സമയത്ത് ഒഴിഞ്ഞു കിടക്കുന്നതായും പുനർലേലത്തിന് നിർദ്ദേശിച്ചതായും കാണുന്നു.

2017-18ൽ റൂം നമ്പർ 8 ലേലത്തിൽ എടുത്ത ശ്രീ.ശ്രീനിവാസൻ,ലേലത്തുക മുഴുവൻ അടവാക്കുകയും പിന്നീട് ലേലത്തിൽ നിന്നും പിന്മാറുകയും ചെയ്തു. ലേലത്തുക തിരികെ നൽകിയെങ്കിലും നിരത ദ്രവ്യം തിരികെ നൽകാത്തതു സംബന്ധിച്ച് വക്കീൽ മുഖാന്തിരം 6.6.2019ന് നൽകിയ പരാതിയിന്മേൽ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടി വിശദമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.20/2018-19(തിയ്യതി 04.10.2019) ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

പഞ്ചായത്തിന്റെ അധീനതയിലുള്ള മേൽപറഞ്ഞ മുറികൾ പുനർലേലം ചെയ്യുന്നതിനും, എല്ലാ വാടക കെട്ടിടങ്ങളിൽ നിന്നും വാടക ഇനത്തിൽ വരവ് കൃത്യമായി ലഭിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-31 അംഗൻവാടികെട്ടിടം സുരക്ഷിതത്വം -ഉറപ്പുവരുത്തുന്നില്ല.

മാവൂർ ഗ്രാമപഞ്ചായത്തിന്റെ കീഴിലുള്ള 29 അംഗൻവാടികളിൽ 25 എണ്ണം സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നുണ്ട്. സർക്കുലർ നം. 31055/ഡി.സി2/2011/ത.സ്വ.ഭ.വ 23-03-2011 പ്രകാരം എല്ലാ വർഷവും മെയ് 10നകം സ്ഥാപനത്തിന്റെ എഞ്ചിനീയർ/ഓവർസിയർ വാടകകെട്ടിടങ്ങൾ ഉൾപ്പെടെയുള്ള എല്ലാ അംഗൻവാടികളും സന്ദർശിക്കേണ്ടതും പരിശോധിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്. മാവൂർ പഞ്ചായത്തിനു കീഴിലുള്ള അംഗൻവാടികളിൽ ഈ നടപടിക്രമം പാലിച്ച് സർട്ടിഫിക്കറ്റ് നൽകിയത് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. അംഗൻവാടികളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

അംഗൻവാടികളിൽ കുടിവെള്ളം, കെട്ടിടം എന്നിവ സംബന്ധിച്ച് വർക്കിംഗ് ഗ്രൂപ്പുകളിൽ നിർദ്ദേശം വയ്ക്കുന്നുണ്ടെങ്കിലും ഇപ്പോഴും എല്ലാ അംഗൻവാടികളിലും സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിൽ പഞ്ചായത്ത് ലക്ഷ്യം കൈവരിച്ചിട്ടില്ല. ഉദാഹരണമായി സെന്റർനം 26 കൽപ്പള്ളി അംഗൻവാടിയിൽ ഇലക്ട്രിസിറ്റി കണക്ഷൻ ഇതുവരെ ലഭ്യമായിട്ടില്ല. ഏകദേശം 14 കുട്ടികളാണ് ഈ അംഗൻവാടികളിൽ ഉള്ളത്. കൂടാതെ 10 അംഗൻവാടികളിൽ സ്വന്തമായി കുടിവെള്ള സൗകര്യമില്ല. സ.ഉ(കൈ)നം.11/2018 L.S.G.D dtd.29-1-18ലെ 7.8.2 പ്രകാരം അംഗൻവാടികൾക്ക് കെട്ടിടം, കുടിവെള്ളം, ഫർണ്ണിച്ചർ, മറ്റ് ഭൗതികസാഹചര്യമൊരുക്കൽ എന്നിവ നിർബന്ധിത പ്രോജക്ടുകളാണ്. അംഗൻവാടികളിൽ മേൽപറഞ്ഞ സൗകര്യങ്ങൾ ഏർപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-32 കമ്പ്യൂട്ടർ - അനുബന്ധഉപകരണങ്ങൾ വാങ്ങൽ-സർക്കാർ ഉത്തരവ് പാലിച്ചില്ല

മാവൂർ ഗ്രാമപഞ്ചായത്തിൽ 2018-19 സാമ്പത്തികവർഷത്തിൽ സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി കമ്പ്യൂട്ടർ,അനുബന്ധ ഉപകരണങ്ങൾ എന്നിവ ടെണ്ടർ നടപടിക്രമ പ്രകാരം വാങ്ങിയിട്ടുണ്ട്. ഇതിൽ കമ്പ്യൂട്ടർ കെൽട്രോണിൽനിന്നു വാങ്ങുകയും അനുബന്ധ ഉപകരണങ്ങൾ ക്വട്ടേഷൻ വഴി വാങ്ങുകയും ചെയ്തിരിക്കുന്നു.വിശദവിവരം ചുവടെ ചേർക്കുന്നു

( 1) പ്രൊജക്ട് നം 5 /18-19

ചെലവ്തുക- 169136

ബിൽനം -20/18-19/19-9-18/154132

– 33/4-1-19/10904

– 56/23-3-19/4100

പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ എന്ന പ്രോജക്ടിന്റെ ഭാഗമായി പ്രോജക്ടർ സ്ക്രീൻ xero-tech എന്ന സ്ഥാപനത്തിൽനിന്നും, കമ്പ്യൂട്ടർ കെൽട്രോണിൽ നിന്നും വാങ്ങി.

( 2) പ്രൊജക്ട് നം - 63/18-19

ചെലവ്തുക - 66224

ബിൽനം -20/19-9-18/55198

ബിൽനം -55/22-3-19/8300

-34/24-1-19/2726

ഘടകസ്ഥാപനത്തിലേയ്ക്ക് കമ്പ്യൂട്ടർ എന്ന പ്രോജക്ടിന്റെ ഭാഗമായി വെറ്റിനറി ഡിസ്പെൻസറി ഓഫീസിലേയ്ക്ക് മോഡം, ലാപ്പ്ടോപ്പ് ബാറ്ററി, എന്നിവ എക്സലന്റ് ഐ.ടി വേൾഡ്. എന്ന സ്ഥാപനത്തിൽ നിന്നും, കമ്പ്യൂട്ടർ കെൽട്രോൺ നിന്നും

വാങ്ങി.
സ.ഉ(എം.എസ്സ്.നം24/2017/ഐ.ടി.ഡി തിയ്യതി.18-11-17 പ്രകാരം കേരളത്തിലെ സർക്കാർ സ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും കേന്ദ്രീകൃതമായി വാങ്ങുന്നതിനുള്ള ഓൺലൈൻ പോർട്ടൽ രൂപീകരിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൽ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൽ ഇ-ടെണ്ടർ മുഖേനയുള്ള വാങ്ങലിനായി നിരക്കുകൾ രൂപീകരിക്കുന്നതിനും കേന്ദ്രീകൃതവാങ്ങൽസമ്പ്രദായത്തിനായുള്ള ഏജൻസിയായും കെൽട്രോണിനെ നിയോഗിച്ചിട്ടുണ്ട്.(സ.ഉ.ആർ.ടി.നം 24/2017/ഐ.ടി.ഡി. തിയ്യതി. 1-2-18).പ്രസ്തുത ഉത്തരവ് പ്രകാരമുള്ള നടപടിക്രമം പാലിക്കാതെയാണ് പദ്ധതികൾ നടപ്പിലാക്കിയത്.അപാകതയ്ക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകത ഭരണസമിതിയുടെ ശ്രദ്ധയിൽ പെടുത്തുന്നു.

# 1-33 പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ല.

സ. ഉ (പി)7/2016 ഫിൻ തീ. 20.01.2016 പ്രകാരം ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുന്നതിനും, 07/2014 മുതൽ 01/2016 വരെയുള്ള ശമ്പള കുടിശ്ശിക 4 ഗഡുക്കളായി അനുവദിക്കുന്നതിനും ഉത്തരവായിട്ടുണ്ട്. ഇത് പ്രകാരം മാവൂർ ഗ്രാമപഞ്ചായത്തിലെ ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുകയും 2018-19 സാമ്പത്തികവർഷത്തിൽ ജീവനക്കാരുടെ ശമ്പളകുടിശ്ശികയുടെ ചുവടെ ചേർത്ത പ്രകാരം ഗഡുക്കൾ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

| വൗച്ചർനം/തിയ്യതി | തുക |
|---|---|
| 21800794/15-11-18.ശ്രീമതി.രാധാമണി.P.Mക്ലാർക്ക്1st,11nd&111rd<br>ഇ.മുരളീധരൻ.(A.S) &13 അതർ സ്റ്റാഫ് 11nd&111rd | 439566 |
| 21800795/15-11-18.M.A.റഷീദ്(sec).& 3 അതർസ്റ്റാഫ്.<br>2nd&3 | 117779 |
| 21801399/12-3-19 .4th | 327431 |

മേൽ ഉത്തരവിലെ ഖണ്ഡിക 48 (1)പ്രകാരം ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്നുണ്ട്. മേൽ ഗഡുക്കൾ അടവാക്കിയ ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയതായി കാണുന്നില്ല. ധനകാര്യസ്റ്റാന്റിംഗ്കമ്മിറ്റിയുടെ കൃത്യമായ മേൽനോട്ടം പ്രസ്തുതവിഷയത്തിൽ നടത്തിയിട്ടില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കുന്നതിലെ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾക്കനുസൃതമായി 01.04.2013 ന് മുമ്പ് സർവ്വീസിൽ പ്രവേശിച്ചതും, മേൽകാലയളവിൽ ശമ്പള പരിഷകരണ കുടിശ്ശികയുടെ1,2, 3,4 ഗഡുക്കൾ അനുവദിക്കപ്പെട്ടതുമായ എല്ലാ ജീവനക്കാരുടെയും പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കി വിവരമറിയിക്കേണ്ടതാണ്.

# 1-34 അങ്ങാടികടവ് വാട്ടർലൈൻകണക്ഷൻ - നിർമ്മാണം പൂർത്തീകരിച്ചില്ല.

1)പ്രൊജക്ട് നം – 190 /18-19

അടങ്കൽ – 100000

ചെലവ്തുക – 100000.(ബിൽനം.43)/28-1-19

മാവൂർ ഗ്രാമപഞ്ചായത്തിൽ 2018-19 സാമ്പത്തികവർഷത്തിൽ അങ്ങാടി കടവ് വാട്ടർലൈൻ എക്സ്റ്റൻഷൻ എന്ന പ്രോജക്ടിന്റെ ഭാഗമായി വാട്ടർഅതോറിറ്റിയിൽ തുക നിക്ഷേപിച്ചിട്ടുണ്ട്. പ്രസ്തുത ഫയൽ പരിശോധിച്ചതിൽ താഴെ

പറയുന്ന അപാകതകൾ കാണുന്നു.

1.വാട്ടർ അതോറിറ്റിയുമായി എഗ്രിമെന്റ് വച്ചതിന്റെ വിശദാംശങ്ങൾ ഹാജരാക്കിയിട്ടില്ല.

2. പ്രവർത്തി പുരോഗതിയുടെ വിവരങ്ങൾ ലഭ്യമല്ല.

3.വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

സ.ഉ.(കൈ)നം.11/2018/L.S.G.D.dtd.29.1.18 ഖ.11.2(ഡി)പ്രകാരം ഉള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.

അപാകതക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഡെപ്പോസിററ് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ വേണ്ട തുടർ പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സ്വീകരിക്കേണ്ടതും, വിനിയോഗ സാക്ഷ്യപത്രം, എഗ്രിമെന്റ് എന്നിവ പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ്.

# 1-35 പള്ളിക്കോത്ത് പാടത്തുകണ്ടി കുടിവെള്ള പദ്ധതി നടത്തിപ്പിലെ അപാകതകൾ

ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ

പദ്ധതി - എസ്.ഒ 179/19/19

ചെലവ് -586675 (വികസന ഫണ്ട്-86675,എസ്.സി.പി-500000 )

ബിൽ നമ്പർ,തിയ്യതി - 27/ 2018-19/28.09.18-450322, 32/18-19/21.11.18-86675

- 33/2018-19/121.11.18-49678

കരാറുകാരൻ - ശ്രീ.ബി.സനിൽ

പള്ളിക്കോത്ത് പാടത്തുകണ്ടി കുടിവെള്ള പദ്ധതി പ്രവർത്തി ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ .

1. ഈ പദ്ധതി 2017-18 ൽ ആരംഭിച്ച പദ്ധതിയാണ് (103/18) എന്നാൽ 2018-19 ൽ ഐ.കെ.എം ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരം പുതിയ പദ്ധതിയായി കണക്കാക്കിയാണ് നടപ്പിലാക്കിയിട്ടുള്ളത്.

2. പ്രവൃത്തി ഫയലിൽ പ്രവൃത്തി എസ്റ്റിമേറ്റ്, എസ്റ്റിമേറ്റ് റിപ്പോർട്ട് ,സൈറ്റ് പ്ലാൻ എന്നിവ ഇല്ല.

3.പട്ടിക ജാതി വിഭാഗക്കാരുടെ പൊതു സൗകര്യത്തിനായി പശ്ചാത്തല വികസനത്തിനായി പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ പട്ടികജാതി വികസന വകുപ്പും തദ്ദേശ സ്ഥാപനവും സംയുക്തമായി തയ്യാറാക്കിയ സാമൂഹ്യ ഭൂപടം പദ്ധതിയോടെപ്പം ഉണ്ടായിരിക്കേണ്ടതാണ് കൂടാതെ പട്ടിക ജാതി മേഖലയിലാണ് പദ്ധതികൾ നടപ്പിലാക്കിയിട്ടുള്ളത് എന്നതിന് പട്ടികജാതി വികസന ഓഫീസർ നേരിട്ട് പരിശേധിച്ച് ബോധ്യമായ വിവരം സംമ്പന്ധിച്ച ഫീസിബിലിറ്റി സർട്ടിഫിക്കറ്റും ഉണ്ടായിരിക്കേണ്ടതാണ് . ഇവ രണ്ടും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

4.പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് വർക്കിംഗ് ഗ്രൂപ്പ് പ്രവൃത്തികളുടെ മോണിട്ടറിംഗ് നടത്തിയിട്ടില്ല.

5. പദ്ധതിയിൽ 86675 രൂപ ചെലവഴിച്ച് റെയിഡ്കോയിൽ നിന്ന് 7.5 എച്ച്.പി പമ്പ് സെറ്റ് വാങ്ങിയിട്ടുണ്ട്. ഇത് പദ്ധതിയ്ക്കായി സ്ഥാപിച്ചതിന്റെ ഇൻസ്റ്റലേഷൻ റിപ്പോർട്ട് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

6. പദ്ധതിയിലേയ്ക്ക് വൈദ്യുതി ലഭിയ്ക്കുന്നതിനായി തുക വകയിരുത്തിയിട്ടുണ്ടെങ്കിലും ഇതിനായി പണം ചെലവഴിച്ചിട്ടില്ല. അതായത് വൈദ്യുതി ലഭ്യമായിട്ടില്ല എന്ന് വ്യക്തമാണ്.

7. എം.ബുക്ക് പ്രകാരം (348/19) 30.05.2018 ന് പ്രവർത്തി പൂർത്തിയായിട്ടുണ്ട്.പദ്ധതി കമ്മീഷൻ ചെയ്തതിന്റെയോ ഗുണഭോക്തൃസമിതിയ്ക്ക് കൈമാറിയതിന്റെയോ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല

8. പുതുക്കി അംഗീകാരം വാങ്ങിയ പ്രൊജക്ട് 197/19 പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ലാത്തതിന്റെ അടിസ്ഥാനത്തിൽ ചെലവുതുക 586675/-രൂപ തടസ്സത്തിൽ വെക്കുന്നു. അപാകതകൾക്ക് വിശദീകരണം രേഖകൾ

സഹിതം ഹാജരാക്കേണ്ടതാണ്.

## ഭാഗം -2
## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ
**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

ഇല്ല

## ഭാഗം -3
## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ
**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 3-1 കരാർ വയ്ക്കുന്നതിന് കാലതാമസം - കരാറുകാരനിൽ നിന്ന് പിഴ ഈടാക്കിയിട്ടില്ല

ജിഓ(പി)13/2012/പിഡബ്ല്യൂഡി/1.2.12 പ്രകാരമുള്ള പൊതു മരാമത്ത് മാന്വൽ പ്രകാരം പൊതുമരാമത്ത് പ്രവർത്തികൾക്ക് ടെണ്ടർ അംഗീകരിച്ച് സെലക്ഷൻ നോട്ടീസ് അയച്ച തിയ്യതിക്ക് 14 ദിവസത്തിനുള്ളിൽ കരാർ വയ്ക്കേണ്ടതാണ്. 14 ദിവസം കഴിഞ്ഞ് പിഎസി യുടെ 1% പിഴ ഈടാക്കിക്കൊണ്ട് 10 ദിവസത്തിനുള്ളിൽ കരാർ വയ്ക്കാം. മേൽ കാലപരിധി കഴിഞ്ഞും കരാർ വയ്ക്കാത്ത പക്ഷം കരാർ റദ്ദാക്കി ഇഎംഡി കണ്ടു കെട്ടേണ്ടതും കരാറുകാരനെതിരെ ടെണ്ടർ നിബന്ധനകളിൽ പറഞ്ഞ മറ്റു നടപടികൾ സ്വീകരിക്കേണ്ടതുമാണ്. താഴെ പറയുന്ന പ്രോജക്ടുകളിൽ കരാർ പ്രവൃത്തികൾക്കായി 14 ദിവസത്തിനകം കരാർ വയ്ക്കാത്ത കരാറുകാരനിൽ നിന്നും പിഴ ഈടാക്കാതെയും മറ്റ് നിയമാനുസൃത നടപടികൾ സ്വീകരിക്കാതെയുമാണ് കരാർ വച്ചിട്ടുള്ളത്

| ക്രമ നം | പ്രോജക്ട് | സെലക്ഷൻ നോട്ടീസ് തിയതി | കരാർ വച്ച തിയ്യതി /കരാറുകാരൻ | പിഎസിയുടെ 1% ഫൈൻ തുക |
|---|---|---|---|---|
| 1. | മാവൂർ മണ്ണന്തലക്കണ്ടി റോഡ് 156/19 (ബിൽ 11/18-19 /13.07.18 ,250000/-) കരാർ തുക 250000 | 29.01.18 | 58/18-19 17.02.18<br>ശ്രീ.അബ്ദുൾനിസ്സാം | 2,500/- |
| 2 | പള്ളിക്കോത്ത് പാടത്തുംകണ്ടി കുടിവെള്ള പദ്ധതി 197/19 (ബിൽ 27/18-19 /28.09.18,32/18-19/21.11.18,33/18-19/21.11.18-586675/-) കരാർ തുക -823661 | 15.03.18 | 1/18-19/23.04.18<br>ശ്രീ.സനിൽ.ബി | 8,236/- |
| 3 | ഏഴനിലം മസ്ജിദ് റോഡ് 157/19 (ബിൽ 20/18-19 /10.08.18/-165000/-) കരാർ തുക 300000 | 24.01.18 | 56/17-18/ 17.02.18<br>ശ്രീ.മുഹമ്മദ് സാദത്ത് | 3,000/- |
| 4 | പള്ളിയോൾ ഹൈസ്കൂൾ റോഡ് റീ ടാറിങ്ങ് 125/19 | 12.09.18 | 36/18-19/ 09.10.18<br>ശ്രീ. സനിൽ .ബി | 2,000/- |

| | | | | |
|---|---|---|---|---|
| | (ബിൽ 59/18-19 /115.01.19/-199405/-) കരാർ തുക 200000 | | | |
| 5 | ചെറൂപ്പ തെങ്ങിലക്കടവ് ലിങ്ക് റോഡ് 51/19 (ബിൽ 80/18-19 /14.03.19/-250000/-) കരാർ തുക 250000 | 12.09.18 | 26/18-19/ 09.10.18<br>ശ്രീ. സനിൽ .ബി | 2,500/- |
| 6 | മസ്ജിദ് റോഡ് റിട്ടെയ്നിങ്ങ് വാൾ നിർമ്മാണം 56/19 (ബിൽ 39/18-19 /31.12.18/-200000/-) കരാർ തുക 200000 | 12.09.18 | 20/18-19/ 05.10.18<br>ശ്രീ. ഹനീഫ.പി | 2,000/- |
| 7 | കൽപ്പള്ളി മട്ടാനത്ത് താഴം റോഡ് സൈഡ് കെട്ട് 097/19 (ബിൽ 76,77/18-19/14.03.19/-279734/-) കരാർ തുക 300000 | 12.09.18 | 21/18-19/ 05.10.18<br>ശ്രീ. ഹനീഫ.പി | 3,000/- |
| 8 | അട്ടവാട് കോട്ടക്കുന്ന് കോളനി റോഡ് കോൺക്രീറ്റ് 95/19 ബിൽ 41/18-19 /115.01.19/-199800/-) കരാർ തുക 200000 | 12.09.18 | 30/18-19/ 09.10.18<br>ശ്രീ. സനിൽ .ബി | 2,000/- |
| 9 | പേരാപ്പിൽ പറയരുകോട്ട തീർഥക്കുന്ന് റോഡ് 75/19 (ബിൽ 61/18-19 /15.01.19/-299023/-) കരാർ തുക 300000 | 12.09.18 | 29/18-19/ 09.10.18<br>ശ്രീ. സനിൽ .ബി | 3,000/- |
| 10 | പൈക്ക സെന്റർ പീർത്തീകരണം 125/19 (ബിൽ 38/18-19 /31.12.2018/-88523/-) കരാർ തുക 102000 | 12.09.18 | 17/18-19/ 04.10.18<br>ശ്രീ. ഗിരീഷ് കുമാർ | 1,020/- |
| 11 | കോട്ടപറമ്പ് കോളനി റോഡ് കോൺക്രിറ്റ് 106/19 (ബിൽ 71/18-19 /24.01.19/-199800/-) കരാർ തുക 200000 | 12.09.18 | 31/18-19/ 09.10.18<br>ശ്രീ. സനിൽ .ബി | 2,000/- |
| 12 | കണ്ണിപറമ്പ് ശിവക്ഷേത്രം റോഡ് സൈഡ് കെട്ട് 109/19 (ബിൽ 88/18-19 /20.03.19/-300000/-) കരാർ തുക 300000 | 12.09.18 | 32/18-19/ 09.10.18<br>ശ്രീ. സനിൽ .ബി | 3,000/- |
| 13 | പഞ്ചായത്ത് ഓഫീസ് ഷോപ്പിങ്ങ് കോംപ്ലക്സ് സീലിങ്ങ് എക്കോപ്രൂഫിങ്ങ 185/19 (ബിൽ 84/18-19 /27.03.19/-45000/-) കരാർ തുക 2127000 | 12.09.18 | 22/18-19/ 05.10.18<br>ശ്രീ. മുഹമ്മദലി | 21,270/- |
| 14 | വില്ലേജ് ഓഫീസ് തലക്ക് മരം പറമ്പ് റോഡ് 112/19 (ബിൽ 64/18-19 /21.01.19/-400000/-) കരാർ തുക 400000 | 12.09.18 | 23/18-19/ 06.10.18<br>ശ്രീ. അലവി | 4,000/- |
| 15 | തട്ടാമ്പലത്ത് പറമ്പത്തന റോഡ് 43/19 | 12.09.18 | 19/18-19/ 05.10.18 | 3,000/- |

| | | | | |
|---|---|---|---|---|
| | (ബിൽ 79/18-19 /14.03.19/-196904/-)<br>കരാർ തുക 300000 | | ശ്രീ. ഹനീഫ.പി | |
| | | | ആകെ | 62,526 |

കരാർ വെയ്ക്കാൻ വൈകിയതിന് കാരണം കാണിക്കുകയോ ആയത് അംഗീകരിക്കപ്പെടുകയോ ചെയ്തിട്ടില്ല. കരാർ വെയ്ക്കാത്ത കരാറുകാരനിൽ നിന്നും പിഴ ഈടാക്കാതെയും മറ്റ് നിയമാനുസൃത നടപടികൾ സ്വീകരിക്കാതെയുമാണ് കരാർ വെച്ച് പ്രവർത്തി പൂർത്തിയാക്കിയിട്ടുള്ളത്. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പിഴയിനത്തിൽ കരാറുകാരിൽ നിന്ന് ഈടാക്കേണ്ടിയിരുന്ന 62,526 രൂപ ഈടാക്കി പഞ്ചായത്ത് ഫണ്ടിലേയ്ക്ക് അടയ്ക്കേണ്ടതാണ്.

# 3-2 ലാപ് ടോപ്പ് വിതരണം -- സബ്സിഡി മാർഗ്ഗരേഖാ നിർദ്ദേശങ്ങൾ പാലിച്ചില്ല

പ്രൊജക്ടിന്റെ പേര് - പ്രൊഫഷണൽ കോഴ്സിനു പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്

പ്രൊജക്ടിന്റെ നമ്പർ - 61/2019

<u>വകയിരുത്തിയ തുക/ ചെലവ് തുക</u>

എസ്.സി.പി -3,00,000 Bill no.<u>20/18-19</u> 293441/- 24.1.19

അസി.സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ മേൽ പദ്ധതി പ്രകാരം പഞ്ചായത്തിൽ താമസക്കാരായ പ്രൊഫഷണൽ കോഴ്സിനു പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നൽകുകയാണ് ലക്ഷ്യം. ആയതു പ്രകാരം ഇ-ടെണ്ടർ വഴി ബിസ്സയർ പവർ സൊല്യൂഷൻസിൽ നിന്നും ഒരു ലാപ് ടോപ്പിന് 29850/-രൂപ പ്രകാരം 10 ലാപ് ടോപ്പുകൾ വാങ്ങി. (Invoice no:BIZ/C/074 dtd. 7.01.19) 14.02.2018ലെ സർക്കാർ ഉത്തരവ് (കൈ)22/2018 നമ്പർസബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7.2.8 പ്രകാരം ബിരുദം, ബിരുദാനന്തരബിരുദം, പോളിടെക്നിക്(ഡിപ്ളോമ), എഞ്ചിനീയറിംഗ്, മെഡിക്കൽ, കമ്പ്യൂട്ടർ സയൻസ് (ഡിപ്ളോമ,ബിരുദം, ബിരുദാനന്തരബിരുദം) ചാർട്ടേഡ് എക്കൗണ്ടന്റ് ആർട്ടിക്കിൾഷിപ്പ് എന്നീ കോഴ്സുകൾക്ക് സർക്കാർ, എയിഡഡ്, സ്വാശ്രയസ്ഥാപനങ്ങളിലോ, സർവ്വകലാശാലാ അഫിലിയേഷൻ ഉള്ള സ്ഥാപനങ്ങളിലോ പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാര്ത്ഥികൾക്ക് സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ 30,000/-രൂപയിൽ അധികരിക്കാത്ത വിലയുള്ള ലാപ്ടോപ്പ് വാങ്ങി നൽകാവുന്നതാണ്.

എന്നാൽ സബ്സിഡി മാർഗ്ഗരേഖ പ്രകാരം അനുവദനീയമല്ലാത്ത ഡി/സിവിൽട്രേഡ് കോഴ്സിന് (ഗവ.ഐ.ടി.ഐ,എലത്തൂർ) പഠിക്കുന്ന അശ്വിൻ.കെ S/o സുബ്രഹ്മണ്യൻ, കോട്ടക്കുന്നുമ്മൽ, അട്ടുവാട് എന്ന വിദ്യാർത്ഥിക്ക് ലാപ്ടോപ്പ് നൽകിയതായി കാണുന്നു. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. സബ്സിഡി മാർഗ്ഗരേഖയിൽ ആനുകൂല്യം അനുവദിക്കാമെന്ന് വ്യക്തമാക്കാത്ത മേൽ കോഴ്സിൽ പഠിക്കുന്നവർക്ക് ആനുകൂല്യം നൽകിയത് അംഗീകരിക്കാവുന്നതല്ല.

അർഹതയില്ലാത്തവർക്ക് ലാപ് ടോപ് നൽകിയ വകയിൽ ചെലവായ 29850/- രൂപ ഉത്തരവാദിയായ അസി.സെക്രട്ടറിയിൽനിന്നും ഈടാക്കി വികസന ഫണ്ടിൽ അടവാക്കേണ്ടതും ഭാവിയിൽ സർക്കാർ നിർദ്ദേശങ്ങൾക്കനുസരിച്ച് അർഹതയുള്ളവർക്കു മാത്രമായി ആനുകൂല്യങ്ങൾ പരിമിതപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതുമാണ്.

# <u>ഭാഗം -4</u>

# <u>പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും</u>

# 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| | | |

| | | |
|---|---|---|
| 2018-19 | 15.07.2019 മുതൽ 16.7.2019 | കെ.എസ്.എ.കെ.കെ.ഡി./ ഇ-2/887/2019(40) |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് | 2018-19 | 56400 | നെൽക്കൃഷിക്ക് വിത്ത്, കുമ്മായം, രാസവളം, കൂലിച്ചെലവ് | 56400 | 0 |
| " | 2018-19 | 456091 | ലൈഫ് ഭവന നിർമ്മാണം (എസ്.സി) | 383332 | 72759 |
| " | 2018-19 | 450000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 450000 | 0 |
| " | 2018-19 | 677114 | ലൈഫ് ഭവന നിർമ്മാണം (ജനറൽ) | 677114 | 0 |
| " | 2018-19 | 1200000 | ബഡ്സ് സ്കൂൾ നവീകരണം | 1030218 | 169782 |
| " | 2018-19 | 150000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 150000 | 0 |
| " | 2018-19 | 450000 | സിമന്റ് കട്ട യൂണിററ് തുടങ്ങൽ | 450000 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2018-19 | 47000 | നെൽക്കൃഷിക്ക് വിത്ത്, കുമ്മായം, രാസവളം, കൂലിച്ചെലവ് | 47000 | 0 |
| " | 2018-19 | 120000 | ലൈഫ് ഭവന നിർമ്മാണം (എസ്.സി) | 0 | 120000 |
| " | 2018-19 | 450000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 450000 | 0 |
| " | 2018-19 | 852348 | ലൈഫ് ഭവന നിർമ്മാണം (ജനറൽ) | 745681 | 106667 |
| " | 2018-19 | 1000000 | വയോജന സൗഹൃദ കേന്ദ്രം | 0 | 1000000 |
| " | 2018-19 | 300000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 300000 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം. | മുൻകൂർ തുക | ചെലവ് | ചെലവഴിക്കാൻ ബാക്കി |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | അങ്ങാടിക്കടവ് വാട്ടർ ലൈൻ കണക്ഷൻ | 43/28-01-2019 | 1,00,000 | -- | 1,00,000 |

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

# 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 8744935രൂപ വരവുണ്ട്. പ്രസ്തുത തുകയിൽ ലൈഫ് ഭവനപദ്ധതിക്കായി ലഭിച്ച തുകയിൽ 8508/-രൂപയും ഓഫീസ് കം ഷോപ്പിംഗ് കോംപ്ലക്സ് ലോൺ ഇനത്തിൽ 1146625/-രൂപയും ഓഡിറ്റ് വർഷം വിനിയോഗിക്കാൻ ബാക്കിയുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവനപദ്ധതി | CEO/LF 511/2018/1.1.2019 | 2528508 | 0 | 0 | 0 | 2528508 |
| KURDFC ഓഫീസ് കം ഷോപ്പിംഗ് കോംപ്ലക്സ് | KURDFC/GP/164/2014/30.7.2014 | 39664146 | 21448651+ 6216427 (തൻവർഷം എടുത്തത്) | 3901581 | 2435198 | 23763497 |
| ഇ.എം.എസ്. ഭവനപദ്ധതി | 646/2010/25.2.2010 | 14583000 | 1261973 | 135000 | 0 | 1126973 |

# 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1887938 |
| തൻവർഷ നിക്ഷേപം | 146257 |
| ആകെ | 2034195 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 1399445 |
| തൻവർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 634750 |

**വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .**

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി) | നിക്ഷേപിച്ച തീയതി | കാലയളവ് | തുക |
|---|---|---|---|---|
| 1 | സബ്ട്രഷറി, പുതിയറ | 22.9.2018 | 1 വർഷം | 542500 |
| 2 | കെ.ഡി.സി.ബാങ്ക്, മാവൂർ | 2.12.2018 | 1 വർഷം | 92250 |

# 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 5010/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 2012-13<br>2013-14 | 3.5 | 5010 | ടി.പി.ഫിറോസ് ഖാൻ<br>എഫ്.ടി.എസ്. | വൗച്ചർ നം.41800262/30.4.2018 |

# 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 | 40 | 2003-04 | 11.13.1.2 (പൊതു പരാമർശം) | ക്ഷീരോൽപാദന ഉൽപ്പന്ന നിർമ്മാണ യൂണിറ്റ് പ്രവൃത്തി ക്കുന്നില്ല. | പരാമർശം നിലനിൽ ക്കുന്നു |
| 1999-00 | 27 | 2003-04 | 11.13.7.6 (പൊതു പരാമർശം | നികുതി കാലഹരണപ്പെട്ടു. | പരാമർശം നിലനിൽ ക്കുന്നു |
| 2000-01 | 30, 31 | 2003-04 | 11.13.7.6 | നികുതി കാലഹരണപ്പെട്ടു. | -ടി- |
| 2001-02 | --- | 2003-04 | 11.14 (മറ്റു പരാമർ ശങ്ങൾ) | കക്കൂസ് നിർമ്മാണം അപാകതകൾ | -ടി- |
| 1999-2000 | 39 | 2003-04 | 11.14 (മറ്റു പരാമർ ശങ്ങൾ) | ടാക്സിസ്റ്റാൻറ് സ്ഥലമെടുപ്പ്- അധികം നല്കിയ തുക തിരിച്ചു വാങ്ങാത്തത് | -ടി- |
| | 41 | 2003-04 | | വിഭവ ഭൂപടം-അപാകത | -ടി- |
| | 44 | 2003-04 | | ഊർക്കടവ് തെങ്ങു കൃഷി ജലസേചന പദ്ധതി പൂർത്തിയാക്കാത്തത്. | -ടി- |
| 2002-03 | 2-1 | 2006-07 | 3.79.1(23) | നികുതി കാലഹരണപ്പെട്ടു | -ടി- |
| 2002-03 | 2-2 | 2006-07 | 3.79.2.6 | ലേല തുക പിരിച്ചെടുത്തില്ല | -ടി- |
| 2002-03 | 2-3 | 2006-07 | 3.79.3(13) | രജിസ്റ്റർ സൂക്ഷിപ്പിലെ അപാകതകൾ. | -ടി- |
| 2002-03 | 2-4, 2-5, 2-6,2-7 (a,b,c), 3-13, 3-15 | 2006-07 | 5.1.5(14) | മണൽ വിൽപന RMF അടച്ചതിന് രസീതില്ല. | -ടി- |
| പ്രവർത്തനാ വലോകനം | -- | 2013-14 | 5.1.5.2 | ജലസ്രോതസ്സുകൾ മാലിന്യ കൂമ്പാരം | -ടി- |
| ജല സ്രോത സ്സുകളുടെ | -- | 2013-14 | 5.1.5(4) | പൊതുകിണറുകൾ സംരക്ഷിക്ക പ്പെടുന്നില്ല | പരാമർശം നിലനിൽ |

| | | | | | |
|---|---|---|---|---|---|
| സംരക്ഷണവും കുടിവെള്ള പദ്ധതികളും | | | | | കുന്നു |
| -ടി- | -- | 2013-14 | 5.1.5(6) | ജലസ്രോതസ്സുകളുടെ കൈയേറ്റം തടയുന്നില്ല | |
| -ടി- | -- | 2013-14 | 5.1.5(10) | കുടിവെള്ളത്തിന്റെ ഗുണമേന്മ പരിശോധിക്കാനുള്ള സംവിധാനമില്ല. | -ടി- |
| -ടി- | --- | 2013-14 | 5.1.5(11) | സാധ്യതാപഠനം നടത്താതെ കുടിവെള്ളപദ്ധതി ആരംഭിക്കുന്നു. | -ടി- |
| | | | | ഊർക്കടവ് കുടിവെള്ള പദ്ധതിയുടെ പ്രവർത്തനം നിലച്ചു. | -ടി- |
| | | | | പൂർത്തീകരിക്കാത്ത പദ്ധതികൾ | -ടി- |
| “ | | 2013-14 | 5.1.5.13 | കുടിവെള്ള വിതരണം | -ടി- |
| -ടി- | -- | 2013-14 | 5.1.5(17) | വെള്ളക്കരം കുടിശ്ശിക അടവാക്കിയിട്ടും ഗ്രാന്റുകളിൽ നിന്നും തുക കുറവുചെയ്യുന്നു. | -ടി- |
| 2014-15 | 2-2 | 2016-17 | അനുബന്ധം – 4 | തൊഴിൽ നികുതി | -ടി- |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

**ഇല്ല**

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

**ഇല്ല**

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 89444662 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 88343590 |
| വരവിനങ്ങളിലുള്ള നഷ്ടം | ------ |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 92376 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1211675 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| | | |
|---|---|---|

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 62526 | ശ്രീ.എസ്.അനീഷ്, അസി.എഞ്ചിനീയർ |
| 3-2 | | 29850 | ശ്രീ.സി.സുഭാഷ് കുമാർ, അസി.സെക്രട്ടറി |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-23 | 150000 | 1. ശ്രീ.ഷമിൽ.ഇ, അസി.സെക്രട്ടറി ( 75000/-)<br>2. ശ്രീ.സുഭാഷ് കുമാർ.സി., അസി.സെക്രട്ടറി (75000/-) |
| 1-25 | 475000 | ഡോ.മൃദുല റോയ്, വെറ്ററനറി സർജ്ജൻ |
| 1-37 | 586675 | ശ്രീ.എസ്.അനീഷ്, അസി.എഞ്ചിനീയർ |

<u>(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | തുക |
|---|---|
| ഇല്ല | |

<u>(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

<u>(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും</u>

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.എസ്.അനീഷ്, അസി.എഞ്ചിനീയർ | | ശ്രേയസ്സ്, പള്ളിപ്പുറത്ത് താഴം, ചേവരമ്പലം,കോഴിക്കോട് |
| ശ്രീ.സി.സുഭാഷ് കുമാർ, അസി.സെക്രട്ടറി | അസി.സെക്രട്ടറി, മാവൂർ ഗ്രാമപഞ്ചായത്ത് | സ്വരാജ്, അരിയല്ലൂർ,, മലപ്പുറം-676312 |
| ശ്രീ.ഷമിൽ.ഇ, | | എരേച്ചൻ കണ്ടി, കാരപ്പറമ്പ്, |

| | | |
|---|---|---|
| അസി.സെക്രട്ടറി | | കോഴിക്കോട് |
| ഡോ.മൃദുല റോയ്, വെറ്ററിനറി സർജ്ജൻ | വെറ്ററിനറി സർജ്ജൻ, വെറ്ററിനറി ഡിസ്പൻസറി, മാവൂർ | ഹൗസ് നം.2, ഹിൽവ്യൂകോളനി, ചേവായൂർ, കോഴിക്കോട് |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1999-00 | എൽ.എഫ്.കെ.കെ.ഡി.പി3/1072/2018(1)/6.7.19 | 27, 39, 40, 41 |
| 2000-01 | എൽ.എഫ്.കെ.കെ.ഡി.പി3/1072/2018(2)/6.7.19 | 30, 31 |
| 2002-03 | എൽ.എഫ്.കെ.കെ.ഡി.പി3/1072/2018(4)/6.7.19 | 2-1, 2-2, 2-3, 2-4, 2-5, 2-6, 2-7, 3-13,<br>3-15 |
| 2004-05 | എൽ.എഫ്.കെ.കെ.ഡി.പി3/1072/2018(6)/6.7.19 | 2-3, 3-3, 3-4,3-6 |
| 2006-07 | കെ.എസ്.എ.കെ.കെ.ഡി.പി3/1072/2018(7)/6.7.19 | 2-16 to 2-22, 2-25, 3-10(3), 3-22 |
| 2007-08 | കെ.എസ്.എ.കെ.കെ.ഡി.പി3/1072/2018(8)/6.7.19 | 3-11 |
| 2009-10, 2010-11 | കെ.എസ്.എ.കെ.കെ.ഡി.പി3/61072/2018(10)/6.7.19 | 3-13(2), 3-13(3),<br>3-13 (6) |
| 2011-12 | എൽ.എഫ്.കെ.കെ.ഡി.പി3/262/15 തീ.14.07.15 | 1-5, 3-4, 3-5, 3-6, 3-7, 3-8, 3-11, 3-15, 3-16, 3-17, 3-18, 3-19, 3-20,3-21, 3-23, 4-7 |
| 2012-13, 13-14 | കെ.എസ്.എ.കെ.കെ.ഡി.പി3/404/16 തി:15.03.16 | 2-1 (1മുതൽ -20 വരെ), 22, 2-1(2), 2-2(1), (2), (5), 2-3, 2-4, 2-5, 2-6, 2-7, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-15, 3-16, 3-17, 3-18, 3-19, 3-21, 3-22, 3-24, 3-25, 4-1 |
| 2014-15 | കെ.എസ്.എ.കെ.കെ.ഡി.പി3/1562/17 തി:02.06.17 | 2-1, 2-2, 3-1,3-2, 3-3, 3-4, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 4-1, 4-3 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി.പി3/1737/2018(1)/26.6.19 | 2-1, 2-2, 2-3, 2-4, 2-5, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-10, 3-20, 3-22, 3-23 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി.പി3/1371/18 തി:23.06.17 | 3-2, 3-5, 3-7, 3-8, 3-9, 3-10, 3-15, 3-17, 3-18, 3-19, 4-9 |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി.പി3/494/തീ.9.4.19 | 1-12(1,2,4,5,6,8,9),<br>2-2(1), 2-3(1,2,3), 2-5, 2-6, 2-7, 2-8, 2-9(1), 2-9(2), 2-9(3), 2-10, 3-1, 3-2, 3-3, 3-4, 3-5, 3-8,3-9, 3-10, 3-11, 3-14, 3-15,3-17, 3-19, 3-22, 3-23, 3-24, 4-1 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

# <u>അനുബന്ധം</u>

## <u>ഓഡിറ്റ് സാക്ഷ്യപത്രം</u>

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും മാവൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ (ഖണ്ഡിക 1-9 കാണുക) ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2018-19 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയരക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്